ഭാഗ്യരേഖകൾ

2024

This is a very good novel

## ശ്രീ മററത്തോളിയുടെ കൃതികൾ

| | |
|---|---|
| ഓമ്മ | (നോവലെററ്) |
| ശൃംഖല | (നോവലെററ്) |
| ജോളിബസാർ | (നോവലെററ്) |
| ഭാഗ്യരേഖകൾ | (നോവലെററ്) |
| കൈമുതൽ | (കഥകൾ) |
| ചൂരൽ മത്തായി | (കഥകൾ) |
| കൂലി ബാക്കി | (കഥകൾ) |

# ഭാഗ്യരേഖകൾ

(നോവലെററ്)

Jawahar Balbhavan & Children's Library,
KOTTAYAM.

കെ. ജെ. മററത്തോളി

വില 1—50

വിതരണം

വിദ്യാത്ഥിമിത്രം ബുക്കുഡിപ്പോ:
ബേക്കർ റോഡ് : : കോട്ടയം.

M alayalam)

**BHAGYAREKGAKAL**

(NOVALET)

BY K J. MATTATHOLI,

"SATHYA NILAYAM"

KOLAZHI, TRICHUR-10

First Edition: September 1969

**Price Rs 1—50**

*Copyright*
K. J. Mattatholi

Printed at:
The Vidyarthi Mithram Press,
Y. M. C A. Road, Kottayam.

Published by
**Auroville Publishers, Kottayam 1**

Distributors:
**Vidyarthi Mithram Press & Book Depot,**
**H. O. & Sales Depot: Baker Road, Kottayam.**

B's: K. K. Road, Kottayam
Main Road, Trivandrum
Hospital Road, Calicut

O. N. 3405—2000

# അവതാരിക

—പദ്യമെഴുതിയാലേ പ്രാമാണികത്വമുള്ളു എന്നു കരുതിപ്പോന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു് എന്നെന്നേയ്ക്കുമായി കഴിഞ്ഞു എന്നു തോന്നുന്നു. ഇന്നു് ഏററവും വലിയ കവി ജീവിതത്തെ അതിൻെറ ചുളിവുകളോടും മടക്കുകളോടുംകൂടി ആവിഷ്കരിക്കുന്ന നോവലിസ്റ്റാണെന്ന നില വന്നിരിക്കുന്നു. അതേ, നോവൽ ജീവിതത്തിൻെറ ഭാഷ്യമാണിന്നു്. കഥ കേൾക്കാനുള്ള ഇസത്തെ മാത്രമല്ല, സമഗ്രജീവിതത്തെ ദർശിക്കാനുള്ള വായനക്കാരൻെറ അഭിലാഷത്തെക്കൂടി സന്തർപ്പണംചെയ്യുന്നുണ്ടു് നോവൽ. അതിനാൽ ഇന്നു് ധാരാളം നോവലുകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. നോവലിൻെറ അത്രതന്നെ സമഗ്രതയും വിശാലതയും ഇല്ലെങ്കിലും നോവലററുകൾക്കുമുണ്ടു് മേൽ പറഞ്ഞ മേന്മ. തന്മൂലം നോവലുകളോടൊപ്പം നോവലററുകളും ശതക്കണക്കിനു് ഓരോ കൊല്ലവും ഉണ്ടായിക്കൊണ്ടിരിക്കയാണു്.

പക്ഷെ ഇങ്ങിനെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന നോവലുകളിലും നോവലററുകളിലും (നോവല്ലെ ആണെങ്കിൽ അങ്ങിനെ) ഭൂരിഭാഗവും ഉദ്ദേശശുദ്ധിയുമില്ലാത്ത, കേവല ലൈംഗികകഥകൾ ആണു്. ഇവയ്ക്കിടയിൽ ഒരാദർശത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് എഴുതപ്പെട്ട ഒരു കൃതി കാണുമ്പോൾ ആർക്കും ആഹ്ലാദമുണ്ടാവും. ശ്രീ. കെ. ജെ. മററത്തോളിയുടെ "ഭാഗ്യരേഖകൾ"ക്കു് ആ നിലയിലാണു് പ്രാധാന്യമുള്ളതു്. ജാതിമതാദി ചിന്തകൾക്കതീതനായി മനുഷ്യൻ വളരണമെന്ന സിദ്ധാന്തത്തിൻെറ ആവിഷ്കരണമുൾക്കൊള്ളുന്ന ഒരു കൃതി

എന്ന നിലയിൽ, ആ സിദ്ധാന്തത്തിലേയ്ക്കു് അവസാനം പിടിവാശിയുണ്ടായിരുന്ന യാഥാസ്ഥിതികന്മാർ പോലും മാനസാന്തരം വന്നു് എത്തിച്ചേരുന്ന കഥ ചിത്രീകരിച്ച ഒരുകൃതി എന്ന നിലയിൽ "ഭാഗ്യരേഖകൾ" സ്വാഗതാഹ്മാണു്. ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ സമുദായങ്ങളിൽപെട്ട യുവാക്കൾ പരസ്പരം സ്നേഹിക്കുകയും എതിർപ്പുകളെയൊക്കെ അതിജീവിച്ചു് വിവാഹിതരായിത്തീരുകയും ചെയ്ത കഥയാണു് ശ്രീ: മററത്തോളി ഈ കൃതിയിലൂടെ ആവിഷ്ടരിച്ചിട്ടുള്ളതു്.

നമ്പൂതിരിസമുദായത്തിൽപെട്ട രവീന്ദ്രൻ, സോമൻ, സാവിത്രി എന്നിവരേയും ക്രിസ്ത്യൻ സമുദായത്തിൽപെട്ട ചെറിയാൻ, സുശീല എന്നിവരേയും മുസ്ലിംസമുദായത്തിൽപെട്ട സുലേഖയേയും ലണ്ടൻനഗരത്തിൻെറ ചുററുപാടുകളിൽ അവതരിപ്പിച്ചതു നന്നായി. ഇന്ത്യാക്കാർ എന്ന ഒരു ബോധത്തോടെ പെരുമാറാനും നാട്ടിലുള്ള ഭേദബോധങ്ങളെ മറക്കാനും ലണ്ടൻ ജീവിതം കളമൊരുക്കി എന്നു പറയുന്നതു് വിശ്വാസ്യമാണു്. നൈററ്ക്ലബ്ബുകളിലെ നൃത്തപരിപാടികൾ വഴി ആ യുവതീയുവാക്കന്മാർ കൂടുതൽ അടുത്തതിലും സ്വാഭാവികതയുണ്ടു്. വിഷ്ണുനമ്പൂതിരിയേയും ഋഷികേശൻ നമ്പൂതിരിയേയും മിശ്രവിവാഹത്തെ അംഗീകരിക്കാൻ സാധിക്കാത്തവരായി ആദ്യം ചിത്രീകരിച്ചതും മനുഷ്യസഹജമായ ചില ഗുണങ്ങളും പരിത: സ്ഥിതികളുടെ പ്രേരണയുംകൂടി ഒടുവിൽ അവരെക്കൊണ്ടു് അതംഗീകരിപ്പിക്കുന്നതായി ചിത്രീകരിച്ചതും ഉചിതമായി. ആകെക്കൂടെ ആദശ്പരമായി തികച്ചും വിജയിച്ചതോടൊപ്പം കഥാഘടനയിലും സ്വഭാവചിത്രീകരണത്തിലും ഈ കൃതി വിജയിച്ചിട്ടുണ്ടു് എന്നു മൊത്തത്തിൽ പറയാം.

പക്ഷെ ആഖ്യാനരീതി കുറെക്കൂടി ഹൃദയാവജ്ജക മാകാമായിരുന്നു എന്നു തോന്നി. പലേടത്തും ഒരു കാഥി കൻെറ ആവിഷ്ക്കരണരീതിക്കു പകരം ഒരു റിപ്പോർട്ട റുടെ ആവിഷ്ക്കരണരീതിയായിപ്പോയോ എന്ന സംശയം തോന്നുകയുണ്ടായി. കഥാപാത്രങ്ങളുടെ അന്തർജ്ജീവിത ത്തിനു് പ്രാധാന്യം കൊടുത്തതുപോരെന്നും എനിക്കു തോന്നി. എങ്കിലും അവയെല്ലാം ആദർശശുദ്ധിയുടെ മുമ്പിൽ നിഷ്പ്രഭങ്ങളായിപ്പോകുന്നു.

ഈ കൃതിയെപ്പററി, ഇതിലധികം ഇത്തരമൊരവ താരികയിൽ പറയേണ്ടതായില്ല. ഇതിൻെറ കർത്താ വിനെ അഭിനന്ദിക്കുന്നതോടൊപ്പം ഞാൻ ഈ കൃതി സഹൃദയസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു.

എ. വി. പി. നമ്പൂതിരി എം. എ.

നളിനാലയം,
ചാലപ്പുറം.
15–8–'67

—ജാതിഭേദങ്ങൾ വെച്ചു
പുലൎത്തുന്നവരെല്ലാം നൂറു
ശതമാനം വർഗ്ഗീയവാദി
കളാണ്. നമ്മൾ മിക്കവരും
വംശീയ ബോധത്തിൽ
നിന്നും പുറത്തു വന്നിട്ടില്ല.
എന്തൊക്കെ സങ്കല്പി
ച്ചാലും നാമിന്നും അതിൽ
തന്നെ ഉറച്ചുനില്ക്കുന്നവരാണ്.

—നെഹ്റു.

# ഒന്നു്

കോട്ടയ്ക്കകത്തുമന നല്ല ഈടും ഉൾക്കനവുമുള്ള ഒരു ഇല്ലമാണു്. രണ്ടായിരം പറ നെൽപ്പാടങ്ങളും കയററം അവസാനിക്കാത്തവിധം തെങ്ങിൻ തോപ്പുകളും മനവകയായി ഇന്നുമുണ്ടു്. പൊതുവെ ബഹുമാന്യമായ ഒരു നിലപാടാണു് മനക്കാർക്കു്. കേശവൻ, രാമൻ, ശങ്കരൻകുട്ടി എന്നീ പേരുകളിൽ പ്രഖ്യാപിതരായ മൂന്നു് ആനകളും മനവകയായുണ്ടു്. തടി വലിക്കുന്നതിൽ കേമനാണു് കേശവൻ. രാമനും ശങ്കരൻകുട്ടിയും ഉത്സവ ആവശ്യങ്ങൾക്കു് എന്നും മതിപ്പുള്ളവരാണു്. എഴുന്നെള്ളിപ്പുകളിൽ മററു് ആനകളുടെ കൂട്ടത്തിൽ നടുവിലായി നിറുത്തിയില്ലെങ്കിൽ ശങ്കരൻകുട്ടി ചില്ലറ കുഴപ്പങ്ങൾ ഉണ്ടാക്കുന്ന പ്രകൃതക്കാരനാണെന്നേയുള്ളു. ആനകളെ തീററിപ്പോററി വളർത്തുന്നതിൽ നിന്നു് മെച്ചം കോട്ടയ്ക്കകത്തുമനക്കാർ പ്രതീക്ഷിക്കുന്നില്ല. പഴയ ഒരു മനയല്ലേ? ആനകൾ ഒരന്തസ്സായി കരുതുകയാണെന്നു മാത്രം.

ഇപ്പോഴത്തെ പ്രാമാണികൻ വിഷ്ണുനമ്പൂതിരിപ്പാടാണ്. സംസ്കൃതത്തിൽ സാമാന്യം ജ്ഞാനിയുമാണ്. കവിതാഭ്രാന്തു പിടിപെട്ടു് കുറേക്കാലം "ജ്ഞാനപ്രഭ" എന്ന ഒരു മാസിക നടത്തിയിരുന്നു. സ്വന്തം കവിതകളുടെ പ്രചരണത്തിനായിരുന്നു മാസിക നടത്തിപ്പോന്നതു്. ഏതാണ്ടു് ഒന്നരക്കൊല്ലം തള്ളിനീക്കി. പിന്നെ മാസിക അങ്ങു നിറുത്തിക്കളയുകയാണ് ഉണ്ടായതു്. ജ്ഞാനപ്രഭതിരുമേനി എന്ന അപരനാമം വിഷ്ണുനമ്പൂതിരിപ്പാടിനു് ഉണ്ടായതു് അങ്ങിനെയാണ്.

സ്വന്തം കവിതകളുടെ അർത്ഥഭംഗിയും മാധുര്യവും പലതും പറയുന്ന കൂട്ടത്തിൽ നമ്പൂതിരിപ്പാട്ടു് അന്തർജ്ജനത്തിൻെറ മുമ്പിൽ വിളമ്പാറുണ്ടു്. മാനസി അന്തർജ്ജനമെന്നാണ് ഭാര്യയുടെ പേരു്. അവർ സാത്വികയാണ്. ഭർത്താവിൻെറ കഴിവുകളെപ്പററി ആ നല്ല ഭാര്യ സ്വയം അഭിമാനിക്കാറുണ്ടു്. ചിലപ്പോൾ അക്ഷരശ്ലോകമത്സരം രണ്ടാളും ചേൎന്നു നടത്തുക പതിവുണ്ടു്. ആ കാര്യത്തിൽ മാനസി അന്തർജ്ജനവും മിടുക്കിയാണ്.

മാനസിഅന്തർജ്ജനത്തിൻെറ ഇളയച്ഛൻെറ മകൻ ഒരു രവീന്ദ്രനുണ്ടു്. രവീന്ദ്രൻ ബി. എ. പാസ്സായ വിവരത്തിനു് ഒരു എഴുത്തു വന്നു. ഉപരിപഠനത്തിനായി ലണ്ടനിലേക്കു പോകുവാൻ തീരുമാനിച്ചിരിക്കയാണെന്നും എഴുത്തിൽ സൂചനയുണ്ടായിരുന്നു. ഈ വിവരം മാനസി അന്തർജ്ജനം വഴി വിഷ്ണുനമ്പൂതിരിപ്പാട്ടു് അറിഞ്ഞു. നന്നായി വരട്ടെ എന്ന ആശംസയോടുകൂടി എഴുത്തിലേക്ക് ഒന്നു കണ്ണോടിച്ചു നിറുത്തി.

രവീന്ദ്രൻെറ ലണ്ടൻയാത്ര വിഷ്ണുനമ്പൂതിരിപ്പാടിനു് ഉള്ളാൽ അത്ര സുഖമായി തോന്നിയില്ല. തനിക്കും മക്കളുണ്ടു്. സോമൻ, സാവിത്രി ഇത്രയും കുട്ടികളുടെ വന്ദ്യനായ പിതാവാണ് വിഷ്ണുനമ്പൂതിരിപ്പാട്ടു്. രണ്ടു

കുട്ടികളും തിരുവനന്തപുരത്താണ്. സോമൻ ഒരു ബി. എൽ. വിദ്യാൎത്ഥിയും സാവിത്രി മെഡിക്കൽ കോളെജിലുമാണ്.

ഏതാനും മാസങ്ങൾ കൂടി ഇഴഞ്ഞു നീങ്ങിയാൽ അവരുടെ വിദ്യാഭ്യാസം പൂൎത്തിയായി തിരിച്ചു വരും. സ്വന്തം സമുദായത്തിൽ തനിക്കു കൂടുതൽ മതിപ്പു തേടണമെന്നു നിൎബ്ബന്ധമുള്ള ആളാണ് പുള്ളിക്കാരൻ. അതിനിടയിൽ രവീന്ദ്രൻ ലണ്ടനിലേക്കു പോകുക എന്നതു് നമ്പൂതിരിപ്പാടിൻെറ ഉള്ളിൽ വല്ലായ്മ സൃഷ്ടിച്ചു.

കവിതാഭ്രാന്തും അക്ഷരശ്ലോകമത്സരവും എല്ലാം നിറുത്തിക്കൊണ്ടു് മാനസി അന്തൎജ്ജനവുമായി ഇന്നത്തെ സംസാരവിഷയം രവീന്ദ്രൻെറ ഉപരിപഠനത്തെപ്പററിയാണ്. തൻെറ കുട്ടികളെക്കാളും മുമ്പെ പോകുന്നതിലുള്ള വിഷമം. അത്രെയുള്ളു.

കൂടെക്കൂടെയുള്ള പക കലൎന്ന ഈ ആവലാതി കേട്ടുകേട്ടു മാനസി അന്തൎജ്ജനത്തിൻെറ ക്ഷമയും ക്ഷയിച്ചു. എന്നല്ല, അവരുടെ ഹൃദയത്തിൽ വേദനിക്കുന്ന ചില പോറലുകളും ക്ഷതങ്ങളും സ്ഥലം പിടിച്ചു. ഒരു ദിവസം അല്പം അക്ഷമ പ്രകടിപ്പിച്ചുകൊണ്ടു് മാനസി അന്തൎജ്ജനം ഒരു കാര്യം വ്യക്തമാക്കി.

„രവീന്ദ്രനും നമ്മുടെ കുട്ടിയല്ലേ? അവൻ പോയി വരട്ടെ. നാം അതിൽ സന്തോഷിക്കേണ്ടവരല്ലേ? നമ്മുടെ കുട്ടികളേയും സമയം വരുമ്പോൾ വേണമെങ്കിൽ പറഞ്ഞയയ്ക്കാം."

„മാനസി അതിൻെറ ഗൌരവം മനസ്സിലാക്കുന്നില്ല. നമ്മുടെ ശാഖകളിലും ശേഷാദികളിലും വിദ്യാഭ്യാസത്തിൻെറ മഹത്വം മനസ്സിലാക്കി പ്രവൎത്തിച്ചതു ഞാനാണ്. മനകളിൽനിന്നു കുട്ടികളെ ഉയൎന്ന വിദ്യാഭ്യാസത്തിനു് ആദ്യമായി പറഞ്ഞയച്ചതു് ഞാനല്ലേ?

എൻെറ കുട്ടികൾക്കല്ലേ വിദേശവിദ്യാഭ്യാസത്തിനു് പരിഗണനന വേണ്ടതു്?"

"രവീന്ദ്രൻെറ ആൾക്കാർ നമുക്കു് എതിരായി ഒന്നും പറയുന്നില്ലല്ലോ. നമ്മുടെ സോമനാണു് ആദ്യമായി ബി. എ. പാസ്സായതു്. അവനെ ആ കാലത്തു തന്നെ വിദേശത്തു പറഞ്ഞയയ്ക്കാമായിരുന്നു. അതു നാം ചെയ്തില്ല. തിരുവനന്തപുരത്തേക്കു നിയമപരീക്ഷക്കാണു പറഞ്ഞയച്ചതു്. ഇതിൽ രവീന്ദ്രൻെറ ആൾക്കാർ ഒരു ദ്രോഹവും ചെയ്തില്ലല്ലോ."

"എന്തായാലും എൻെറ മക്കളുടെയൊപ്പം ഈ രവീന്ദ്രൻ എത്താറായിട്ടില്ല. എത്തുമെന്നു് ആരെങ്കിലും വിചാരിക്കുന്നതു മൌഢ്യവുമാണു്. എന്തായാലും രവീന്ദ്രൻ തിരിച്ചെത്തുന്നതിനു മുമ്പെ നമ്മുടെ കുട്ടികളും അവിടെ എത്തിച്ചേരും. അതിനു സംശയമില്ല."

"എല്ലാവരും ഉയരണം, നന്നാകണം. അതല്ലേ ആവശ്യം?"

ആ പറഞ്ഞതു് വിഷ്ണുനമ്പൂതിരിപ്പാടിനു് സുഖമായി തോന്നിയില്ല. എല്ലാവരും ഉയരണമത്രെ. നന്നാകണം പോലും. നാട്ടിലുള്ള എല്ലാവരെയും നന്നാക്കാനും ഉയർത്തുവാനും ഒരു കൂട്ടർമാത്രം വിചാരിച്ചാൽ പോരല്ലോ. ഒരസുഖം കലർന്ന സ്വരത്തിൽ വിഷ്ണുനമ്പൂതിരിപ്പാട്ടു് ഉപസംഹരിച്ചു. "ആദ്യം നാം നന്നാകണം. എന്നിട്ടാവാം മററുള്ളവരുടെ കാര്യം."

## രണ്ടു്

രവീന്ദ്രൻ ലണ്ടനിലേയ്ക്കു യാത്രയായി. കൊച്ചിയിൽ നിന്നു് ''പ്രിൻസ്സ് വില്യം'' എന്ന കപ്പലിലാണു് രവീന്ദ്രൻ യാത്രപുറപ്പെട്ടതു്. ബന്ധുമിത്രാദികളും സുഹൃൽസംഘവുംയാത്രയയപ്പിൽ പങ്കെടുത്തു. കൂട്ടത്തിൽ വിഷ്ണുനമ്പൂതിരിപ്പാടും ഉണ്ടായിരുന്നു. മുമ്പിലും പുറകിലും പൈലററ് ബോട്ടുകളുടെ അകമ്പടിയിൽ കൊച്ചിൻ പോർട്ടു് വിട്ടകലുന്ന പ്രിൻസ്സ് വില്യത്തെ നോക്കി പലരും സന്തോഷാശ്രുക്കൾ പൊഴിച്ചു. ആറായിരം നാഴിക വിദൂരതയിലേയ്ക്കുള്ള ഒരു യാത്രയുടെ പ്രാരംഭം അങ്ങനെ തുടന്നു.

തിരിച്ചെത്തിയ വിഷ്ണുനമ്പൂതിരിപ്പാടു മനയ്ക്കലേയ്ക്കു പ്രവേശിച്ചതു് ഒരു വല്ലായ്മയോടെയാണു്. കാരണം അദ്ദേഹത്തിന്നുതന്നെ നിശ്ചയമില്ലായിരുന്നു. മാനസികമായ ഒരസ്വാസ്ഥ്യം. കണ്ണിൽ കരടു വീണ പ്രതീതി.

മാനസി അന്തർജ്ജനമാണ് ആദ്യമായി യാത്രാ നേഷണം എടുത്തിട്ടത്. അതറിയുവാൻ അവർ വെമ്പൽപൂണ്ടു. "രവീന്ദ്രൻ പോയോ?"

"അവൻ പോകുവാനല്ലേ യാത്രയായത്. പോകുകയും ചെയ്തു." മുഖത്ത് ഒരു ജാള്യത പ്രകടമായിക്കണ്ടു നമ്പൂതിരിപ്പാട്ട തുടൎന്നു. "വെള്ളച്ചായം തേച്ച മിനുമിനുങ്ങുന്ന വെള്ളക്കാരൻെറ കപ്പലിൽ യാത്രചെയ്യുവാൻ അവനാണു ഭാഗ്യമുണ്ടായത്. എൻെറ മക്കൾക്ക് അതിനു കഴിവില്ലാതെ പോയി, കഴിവില്ലാതെ."

കൂടെക്കൂടെയുള്ള ചൎവ്വിതചൎവ്വണം. മാനസി അന്തർജ്ജനം ഒന്നും മിണ്ടിയില്ല.

രവീന്ദ്രൻെറ കപ്പൽയാത്രയ്ക്കു ശേഷം ഒരു ഇടുങ്ങിയ ചിന്താഗതിക്കാരൻെറ ഭാവത്തിൽ അസൂയ കലൎന്ന സൂചനകളും കൊള്ളിവാക്കുകളും നമ്പൂതിരിപ്പാടിൻെറ പതിവുകളിൽ ഒന്നായിത്തീൎന്നു.

മാനസി അന്തർജ്ജനത്തിനു് ഇക്കാര്യത്തിൽ അത്ഭുതംതോന്നി. പണ്ഡിതനും പരിഷ്കൃതനുമെന്നു വിശ്വസിച്ചിരുന്ന ഭൎത്താവിൻെറ സ്വഭാവമാററം അവരെ ഖേദപ്പെടുത്തി.

സുന്ദരമായ സായാഹ്നം. വിഷ്ണുനമ്പൂതിരിപ്പാട്ട വടക്കേ മാവിൽ തളച്ചിരുന്ന ശങ്കരൻകുട്ടിയുടെ സമീപം ചെന്നുനിന്നു. അവൻ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് തുമ്പിക്കൈ നമ്പൂതിരിപ്പാടിൻെറ തോളിൽ മെല്ലെ പൊക്കിവെച്ചു. ഇതിൽ പുത്തനായി ഒന്നുമില്ല. തിരുമേനിയെ അടുത്തുകിട്ടിയാൽ ശങ്കരൻകുട്ടിയുടെ പ്രകൃതമാണത്. ഈ സ്നേഹപ്രകടനങ്ങൾക്കു പാരിതോഷികമായി ഒരുകുലപ്പഴം അവനു നല്കാറുണ്ടു്. വിഷ്ണുനമ്പൂതിരി ഊക്കൻ ഒരു പഴക്കുല ശങ്കരൻകുട്ടിയുടെ തുമ്പിക്കയ്യിൽ അൎപ്പിച്ചുകൊണ്ടു് സ്വയം പറഞ്ഞു:

''എടാ, ശങ്കരൻകുട്ടീ! രവീന്ദ്രൻ ലണ്ടനിലേയ്ക്കു് പോയിരിക്കയാണു്. അവന്റെ ഇല്ലക്കാർ ഇപ്പോൾ ഭ്രമിയിട്ടില്ല താമസം. നിനക്കു് അവരെ മോക്ഷത്തു നിന്നു കീഴോട്ടിറക്കാമോ?

മാനസിഅന്തർജ്ജനത്തിന്റെ ശ്രവണപുടങ്ങളിൽ അതാഞ്ഞടിച്ചു. അടക്കിവെച്ചിരുന്ന വേദനകൾക്കു് ഉലച്ചിൽ തട്ടി. ഒരുതുള്ളി കണ്ണുനീർ അടൻവീണു.

സന്തുഷ്ടിയും സന്തോഷവും നിറഞ്ഞ കോട്ടയ്ക്കകത്തുമന വിഷ്ണുനമ്പൂതിരിപ്പാടിന്റെ കൊള്ളിവാക്കുകളും ജല്പനങ്ങളും മൂലം മലീമസമായിത്തീൎന്നു. എങ്ങിനെയെങ്കിലും തിരുവനന്തപുരത്തുനിന്നു് കുട്ടികൾ ഫൈനൽ പരീക്ഷ കഴിഞ്ഞു തിരിച്ചെത്തിയാൽ മതിയെന്നു പ്രാൎത്ഥിക്കുകയാണു് അവർ. അതോടെ അന്തരീക്ഷം ശുദ്ധമാകുമെന്നു് പ്രത്യാശിച്ചു.

രവീന്ദ്രന്റെ ലണ്ടൻ കത്തുകൾ മാനസിഅന്തർജ്ജനത്തിനു വരാറുണ്ടു്. അയാൾ കുറ്റാന്വേഷണവൈദഗ്ദ്ധ്യം സംബന്ധിച്ച ഉപരിപഠനം തുടൎന്നുവരികയാണത്രെ.

കോളെജുകൾ അടച്ചു. തിരുവനന്തപുരത്തുനിന്നു് കുട്ടികൾ മടങ്ങിയെത്തി. മക്കളുടെ തിരിച്ചുവരവിൽ വിഷ്ണുനമ്പൂതിരിപ്പാട്ടു് അഭിമാനിച്ചു. അവരുടെ ജയാപജയങ്ങൾ അറിയുവാൻ കാത്തിരിക്കയാണു് ആ പിതാവു്.

മാനസി അന്തർജ്ജനം മകളെ അരികെ വിളിച്ചു് മതിവരോളം നോക്കി. എന്നിട്ടു, വിശേഷങ്ങൾ അറിയുന്നതിൽ തിരക്കുകൂട്ടുകയാണു് ആ അമ്മ. സാവിത്രി മെഡിക്കൽ കോളെജ് വാൎത്തകൾ പറയുന്നതിൽ ഉത്സുകയായി കാണപ്പെട്ടു. മൃതശരീരങ്ങൾ വെട്ടിപ്പൊളിച്ചുള്ള പഠനക്രമം കേട്ടു് അന്തർജ്ജനം ഭയവിഹ്വലയായി മാറി. അവർ ഏതാനും നിമിഷങ്ങൾ മിണ്ടാതിരുന്നു.

എന്നല്ല, കോളെജ് വിശേഷങ്ങൾ ശ്രവിക്കുന്നതിൽ ഒരു മടിപ്പ് പ്രകടമായിക്കണ്ടു.

വെക്കേഷൻ കാലങ്ങളിൽ സാധാരണ സോമനും സാവിത്രിയും രവീന്ദ്രൻെറ ഇല്ലത്ത് പോകുക പതിവുണ്ട്. ചില ദിവസങ്ങൾ അവിടെ കൂടാറുണ്ട്. ഈ തവണ കുട്ടികളെ ആരേയും അച്ഛൻതിരുമേനി പറഞ്ഞയച്ചില്ല. എന്നല്ല, പോകരുതെന്ന് മുൻകൂട്ടി താക്കീതും നല്കി. അച്ഛൻെറ കാടുകയററത്തിൽ മക്കൾ അതിശയം പ്രകടിപ്പിച്ചു.

പരീക്ഷാഫലം അറിയുവാൻ ആ അച്ഛൻ കണ്ണിൽ എണ്ണയിട്ട് അക്ഷമനായി ഇരിക്കയാണ്. വിജയികളായാൽ അവരെ എങ്ങോട്ട്, എന്തിനായിപറഞ്ഞയയ്ക്കണമെന്ന ആലോചനകൾക്കു രൂപം നല്കുന്നതിൽ ഹൃദയവും തലച്ചോറും പ്ലാൻ വരച്ചുകൊണ്ടിരിക്കുന്ന തിരക്കിൽ വിഷ്ണുനമ്പൂതിരിപ്പാട് ലോകം മറന്നുകഴിഞ്ഞു.

രവീന്ദ്രൻെറ ലണ്ടൻയാത്ര സംബന്ധിച്ചുണ്ടായ സംസാരവൈകല്യങ്ങൾ കാരണം വിഷ്ണുനമ്പൂതിരിപ്പാടും മാനസി അന്തർജ്ജനവും ഇന്ന് പതിവായി സംസാരിക്കാറില്ല. നാവുദോഷം വരുത്തിവെച്ച വിന. ആവശ്യമില്ലാത്ത അബദ്ധജല്പനങ്ങളും സ്വന്തപ്പെട്ടവരുടെ ഉയച്ച്ചയിൽ അകം വേദനയും നമ്പൂതിരിപ്പാടിൻെറ ഭാഗത്തുനിന്നുണ്ടായ തെററുകളാണ്. ആ തെററായ ബോധം തിരുത്തുവാനും തൻെറ ഉള്ളിൽ നാമ്പിട്ടിരിക്കുന്ന കാര്യങ്ങൾ പരസ്പരം ആലോചിക്കുവാനും നമ്പൂതിരിപ്പാട് സ്വയം തീരുമാനമെടുത്തു കഴിഞ്ഞു. ഇതൊക്കെ ഉള്ളിൽ വെച്ചുകൊണ്ട് നിലാവുള്ള ഒരു രാത്രിക്കു വേണ്ടി വിഷ്ണുനമ്പൂതിരിപ്പാടു കാത്തിരുന്നു.

പൂർണ്ണചന്ദ്രികയുള്ള രാത്രി. തിരുമേനി തുറന്ന മനസ്സോടുകൂടി മാനസി അന്തർജ്ജനവുമായി സംസാരിക്ക

യാണ്. ‘‘മാനസീ! നിനക്കു വല്ലായ്മയുള്ളതായി ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. രവീന്ദ്രനെ സംബന്ധിച്ച എൻെറ സമീപനരീതി ശരിയായില്ല. നീ പറയുന്ന പോലെ അവനും നമ്മുടെ കുട്ടിതന്നെ. സ്വന്തം കുട്ടികളോടുള്ള അതിരററ സ്നേഹവും അവരുടെ ഉയർച്ചയിലുള്ള ഹൃദയാഭിലാഷവും എന്നെ വികാരപരവശനാക്കി. അതിൽനിന്നുണ്ടായ മാനസിക ദൌർബ്ബല്യം എന്നെ അല്പനാക്കിയെന്നേയുള്ളു. ഞാൻ രവീന്ദ്രനു് ഒരെഴുത്തയക്കുവാൻ നിശ്ചയിച്ചുകഴിഞ്ഞു. മാനസിക്കതിൽ സന്തോഷമല്ലേ?’’

മാനസി അന്തർജ്ജനത്തിൻെറ കൺപീലികൾ നനഞ്ഞു. പക്ഷെ, നമ്പൂതിരിപ്പാടിൻെറ മാനസാന്തരം അവരെ ആശ്വസിപ്പിച്ചു. പോരെങ്കിൽ സാത്വികയുമാണവർ. ഇരുളടഞ്ഞു വലയം ചെയ്തിരുന്ന കാർമേഘപടലങ്ങളെ തുടച്ചുമാററിക്കൊണ്ടു് അന്തർജ്ജനം പ്രത്യുത്തരം നല്കി. ‘‘നമുക്കു് എല്ലാവരേയും വേണം. രവീന്ദ്രനെ മാത്രമല്ല, എല്ലാവരേയും. ബന്ധുമിത്രാദികളുടെ ഉയർച്ചയിൽ ഉള്ളഴിഞ്ഞു് സന്തോഷിക്കണം. തകർച്ചയിൽ താങ്ങും തണലും നല്കുക. അതല്ലേ ധർമ്മം. വിശേഷങ്ങൾ ആരാഞ്ഞുകൊണ്ടു് രവീന്ദ്രനു് എഴുത്തുകൾ അയയ്ക്കുന്നതു നല്ലതുതന്നെ. അതു് അവനും ആശ്വാസമേകും.’’

‘‘നാളെത്തന്നെ കത്തെഴുതി അയയ്ക്കാം. പിന്നെ, നമ്മുടെ കുട്ടികൾ ജയിക്കുകയാണെങ്കിൽ അവരുടെ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചു് കാലമേ തീരുമാനം എടുത്തിരിക്കണം. മാനസി എന്തു പറയുന്നു?’’

‘‘പരീക്ഷാഫലം പുറത്തായിട്ടില്ലല്ലൊ. പാസ്സാകുമെന്നാണു് അവർ രണ്ടുപേരും പറയുന്നതു്. ഏതായാലും

വിജയം പ്രതീക്ഷിക്കാം. വ്യക്തമായ തീരുമാനം എടു
ക്കുന്നതിൽ തെററൊന്നുമില്ല.

"അവർ ജയിക്കുമെന്നു തന്നെയാണു് എൻെറ വി
ശ്വാസം. രവീന്ദ്രൻ ഡിറെക്ടർ ബിരുദത്തിനല്ലേ പോ
യിരിക്കുന്നതു്. സോമനെ നിയമം സംബന്ധിച്ച ഉന്ന
തബിരുദങ്ങൾക്കായി ലണ്ടനിലേയ്ക്കു പറഞ്ഞയക്കാം.
അവൻ പ്രാപ്തനും കരുത്തനുമാണു്. ആ നിലയ്ക്കു സാവി
ത്രി അവൻെറ കൂടെ പോകട്ടെ. അവൾ വൈദ്യസംബ
ന്ധമായ ഉയന്ന ബിരുദങ്ങൾ കരസ്ഥമാക്കുവാൻ മിടു
ക്കിയാണു്. സോമൻ കൂടെയുള്ളതു് അവൾക്കു തികച്ചും
ആശ്വാസമാണു്."

"സാവിത്രിയെ കടൽ കടത്തി വിടണോ?"

"കടൽയാത്ര ആഢ്യന്മാക്ക് നിഷിദ്ധമെന്നു്
ചൊല്ലുണ്ടു്, അല്ലേ? മാനസീ! കരയാത്രചെയ്യാമെങ്കിൽ
കടൽയാത്രയ്ക്കു് എന്താ തടസ്ഥം? പഴയ നിയമങ്ങളിൽ
ഒന്നാണു് അതു്. സാരമില്ല."

"പറഞ്ഞു എന്നേയുള്ളു. സോമൻ കൂടെയുള്ളതു
കൊണ്ടു് ആശ്വസിക്കാം. അവിടെ രവീന്ദ്രനും ഉണ്ട
ല്ലൊ. എങ്കിലും……"

"എങ്കിലും എന്താണു്? അതൊക്കെ വെറും സംശ
യങ്ങളുടെ നീക്കങ്ങൾ മാത്രം."

"കുട്ടികൾ ചീത്തയാകരുതു്. നന്നായി കാണുന്ന
തിൽ സന്തോഷമേയുള്ളു. പക്ഷെ, സാവിത്രിയെ……"

തൻെറ അഭിപ്രായങ്ങൾ അന്തർജ്ജനം സ്വീക
രിച്ചു കഴിഞ്ഞതായി നമ്പൂതിരിപ്പാടു് സ്വയം നിശ്ച
യിച്ചു. ആ രംഗം അങ്ങിനെ കഴിഞ്ഞു.

പറഞ്ഞിരുന്ന പ്രകാരം ഒരു കാര്യം വിഷ്ണുനമ്പൂതി
രിപ്പാടു നിവ്വഹിച്ചു കണ്ടു. രവീന്ദ്രനു് ലണ്ടനിലേയ്ക്കു്

എഴുത്തയച്ചു. ഉപദേശരൂപത്തിലുള്ള പ്രസ്തുത എഴുത്ത് അതർഹിക്കുന്ന ബഹുമാനത്തോടുകൂടി രവീന്ദ്രൻ കൈപ്പററി മറുപടിയും നല്കി. രവീന്ദ്രൻെറ മറുപടിക്കത്ത് മാനസി അന്തർജ്ജനത്തെ കണക്കിലേറെ സംതൃപ്തയാക്കി ഇന്ന് അങ്ങോട്ടും ഇങ്ങോട്ടും എഴുത്തുകൾ പതിവായിത്തീർന്നിട്ടുണ്ട്.

## മൂന്നു്

കലാശാലകളുടെ പരീക്ഷാഫലം പുറത്തായി· തുടച്ച കണ്ണട ഒന്നുകൂടി വെടിപ്പാക്കി വിഷ്ണുനമ്പൂതിരിപ്പാട്ട സോമൻേറയും സാവിത്രിയുടേയും നമ്പറുകൾ പരിശോധിച്ചു. കണ്ടെത്തിയ നമ്പറുകളിലേയ്ക്കു വീണ്ടും വീണ്ടും നോക്കി തൃപ്തിയടഞ്ഞു. മാനസി അന്തർജ്ജനത്തെ അരികെ വിളിച്ചു പറയുകയാണു്. ‟മാനസീ! നമ്മുടെ കുട്ടികൾ പാസ്സായി. ബി. എല്ലും, എം. ബി. ബി. എസ്സും.

സന്തോഷാശ്രുക്കൾ തുടച്ചു, മാനസി അന്തർജ്ജനം ദീർഘമായി നിശ്വസിച്ചു. കൊട്ടയ്ക്കകത്തുമന ധനത്തോടൊപ്പം വിദ്യയും കരസ്ഥമാക്കി പ്രശസ്തിയിലേയ്ക്കുയർന്നു്, അഭിനന്ദനങ്ങളും ആശംസകളും മനസ്സുനിറയെ വന്നെത്തി. നാട്ടിൽ മാനികളായ നമ്പൂതിരികളെ ക്ഷണിച്ചുവരുത്തി ഗാംഭീര്യം നിറഞ്ഞ സദ്യകളും ശുദ്ധക്ക സവ്വാണിയും നടത്തി വിഷ്ണുനമ്പൂതിരിപ്പാട്ടു് സ്വയം അഭിമാനം കൊണ്ടു.

സോമനേയും സാവിത്രിയേയും ലണ്ടനിലേയ്ക്ക് അയയ്ക്കുവാനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ നടക്കുകയാണ്. പ്രത്യേകതരം ഉടുപ്പുകൾ, ശയ്യോപകരണങ്ങൾ അങ്ങിനെ പലതും. കോട്ടയ്ക്കകത്തുമന ഐശ്വര്യത്തിൻേറയും ആർഭാടത്തിൻേറയും നൃത്തവേദിയായി മാറിക്കഴിഞ്ഞു. നാളത്തെ വസന്തവും പൊൻപുലരിയും അവർക്കു മാത്രമായുള്ളതാണെന്നു തോന്നി.

വിദേശയാത്രയെ സംബന്ധിച്ചിടത്തോളം മാനസി അന്തർജ്ജനത്തിനു് ഒരു മങ്ങിയ വല്ലായ്മയുടെ സൂചനകൾ ഇപ്പോഴും തങ്ങിനിൽക്കുന്നതായി കാണപ്പെട്ടു. സാവിത്രിയെ പറഞ്ഞയയ്ക്കുന്നതിൽ ആ മാതൃഹൃദയം വേദന തിന്നുകയാണ്. വിഷാദകലുഷിതമായ നിലപാട്, അത്രേയുള്ളു. കോട്ടയ്ക്കകത്തുമനയുടെ അഭിമാനവും ആഭിജാത്യവും കാത്തുസൂക്ഷിക്കണമെന്നു് ആ അമ്മ വാത്സല്യം നിറഞ്ഞ മകളെ ഓർമ്മപ്പെടുത്തി. ഒരു ഉയൎന്ന ഡോക്ടറായി തിരിച്ചെത്തുന്ന മകൾക്കു ലോകംനൽകുന്ന ബഹുമതിയും സ്വീകരണവും ആലോചിച്ചപ്പോൾ ആ മനസ്സു തണുത്തു.

ഡിസംബർ മാസത്തിൻെറ മദ്ധ്യഘട്ടത്തിൽ ഒരു തിങ്കളാഴ്ച ദിവസം സോമനും സാവിത്രിയും യാത്രയായി. വലിയൊരു യാത്രയയപ്പുസംഘം അവരെ അനുഗമിച്ചു. അവസാനനിമിഷത്തിൽ മാനസി അന്തർജ്ജനം സ്വന്തം മകളെ അനുഗ്രഹിച്ചുകൊണ്ട് ഇത്രമാത്രം വ്യക്തമാക്കി.

"കോട്ടയ്ക്കകത്തുമനയുടെ ഭാഗ്യരേഖകളാണ് നിങ്ങൾ"

കൊച്ചി വിമാനത്താവളത്തിൽനിന്നു് അന്തരീക്ഷത്തിലേക്കു ചുററി ഉയൎന്ന ആകാശനൌകയെ നോക്കി ഒരു കുഞ്ഞിൻെറ നിഷ്കളങ്കഭാവത്തിൽ വിഷ്ണുനമ്പൂതിരി

പ്പാട്ട് സ്വയം പറഞ്ഞുപോയി, "കോട്ടയ്ക്കകത്തുമനയുടെ ഭാഗ്യരേഖകളാണ് അതിനകത്ത്, ഭാഗ്യരേഖകൾ."

സന്തുഷ്ടനായി തിരിച്ചെത്തിയ നമ്പൂതിരിപ്പാട്ട യാത്രയുടെ ശുഭസൂചനകൾ ഓരോന്നായി അന്തർജ്ജനത്തെ അറിയിച്ചു.

വലിയ കൃഷ്ണഭക്തനാണ് വിഷ്ണുനമ്പൂതിരിപ്പാട്ട്. അദ്ദേഹം പിറേറന്നു ഗുരുവായൂർക്ഷേത്രത്തിലേക്കാണ് യാത്ര തിരിച്ചത്. സോമൻേറയും സാവിത്രിയുടേയും ഭാസുരഭാവിക്കുവേണ്ടി "ഉദായാസ്തമന"പൂജക്കുള്ള ഏപ്പ്പാട്ടചെയ്യണം. ധാരാളം പണച്ചെലവുള്ള ഒരേപ്പ്പാടാണത്. ആവക കാര്യങ്ങൾക്കായി ധനം വിനിയോഗിക്കുന്നതിൽ നമ്പൂതിരിപ്പാട്ട മിടുക്കനാണ്. ഒരു ഭാരിച്ച സംഖ്യ ദേവസ്വക്കാരെ ഏല്പിച്ചു കക്ഷി മടങ്ങി.

ഉദയാസ്തമനപൂജയുടെ മഹത്തരങ്ങളായ സിദ്ധികളിൽ മാനസി അന്തർജ്ജനവും വലിയ വിശ്വാസക്കാരിയാണ്. പക്ഷെ, അവർ കൃഷ്ണഭക്തയല്ല. നിത്യാരാധനയ്ക്കായി അവർ തെരഞ്ഞെടുത്തിട്ടുള്ളത് മഹാലക്ഷ്മിയെയാണ്. ലക്ഷ്മീക്ഷേത്രങ്ങളിൽ പലതിലും പുഷ്പാഞ്ജലിയും പാലഭിഷേകവും പാൽപ്പായസനിവേദ്യവും തുടർച്ചയായി നടത്തുവാൻ മാനസിയും ബദ്ധശ്രദ്ധയായിരുന്നു.

സോമനും സാവിത്രിയും ലണ്ടനിൽ എത്തിയ വിവരത്തിന് കമ്പിസന്ദേശം വന്നു. അവർ താല്ക്കാലികമായി രവീന്ദ്രൻെറ കൂടെയാണ് താമസമത്രെ. വിഷ്ണുനമ്പൂതിരിപ്പാടിൻെറ അഭിമാനബോധം വിടർന്നുവികസിച്ചു. മാനസ്സിയുടെ മേലോട്ടുനിന്ന വായു കീഴോട്ടിറങ്ങി. സംതൃപ്തിയോടെ അവർ ആവർത്തിച്ചു "അവർ നമ്മുടെ ഭാഗ്യരേഖകളാണ്."

വിഷ്ണുനമ്പൂതിരിപ്പാട്ട് ഒരു തിരുത്തലോടുകൂടി അതിനെ വിശേഷിപ്പിച്ചു, „അവരാണ് ഭൂമിയിലെ ഭാഗ്യരേഖകൾ"

പുഞ്ചിരി തൂകിയ മാനസി അന്തർജ്ജനത്തിൻെറ മുഖത്തു് പെട്ടെന്നാണ് അതുണ്ടായതു്. ഒരു മൂടൽമഞ്ഞിൻെറ പ്രതീതിയെന്നു ചുരുക്കം. അവർ ഉള്ളിൽ ഒതുങ്ങാതെ നിൽക്കുന്ന ഒരേ ഒരു വിചാരപാരവശ്യം ആവർത്തിച്ചു. „സാവിത്രിയുടെ രൂപം, രൂപഭംഗി അതൊക്കെ എന്നെ ഭയപ്പെടുത്തുകയാണ്. എങ്കിലും എൻെറ സോമൻ അവളെ ശരിക്കും ശ്രദ്ധിക്കും, ശരിക്കും."

„സാവിത്രി പതിവ്രതയാണ്. അധർമ്മികളെ ചാമ്പലാക്കുവാൻ അവൾക്കു നിമിഷങ്ങൾ ആവശ്യമില്ല, നിമിഷങ്ങൾ." ഒരു സേനാനായകൻെറ ഗാംഭീര്യഭാവത്തിൽ വിഷ്ണുനമ്പൂതിരിപ്പാട്ട് ഉറക്കെ പറഞ്ഞു.

തിരുവനന്തപുരത്തു് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കിടെ പണത്തിനുവേണ്ടി കോട്ടയ്ക്കകത്തു മനയിലേയ്ക്കു് എഴുതാറുണ്ട്. അന്നൊക്കെ അതൊരു പ്രാരാബ്ധമായി തോന്നിയില്ല. ഇന്നത്തെ നില ഗൗരവം നിറഞ്ഞതാണ്. ഈയിടെ സോമൻെറയും സാവിത്രിയുടെയും ഓരോ എഴുത്തുകൾ വന്നിരുന്നു. നമ്പൂതിരിപ്പാടിനെ പിടിച്ചുകുലുക്കിയ രണ്ടു് എഴുത്തുകൾ. ലണ്ടൻ പട്ടണത്തെ പണംഭക്ഷിക്കുന്ന പിശാചിൻെറ നാടായി തിരുമേനി ചിത്രീകരിച്ചു. രണ്ടുപേർക്കും അടിയന്തിരമായി ഇരുപത്തയ്യായിരം രൂപ ആവശ്യമുണ്ടത്രെ. അതങ്ങ് ഉടനെ എത്തിച്ചു കൊടുക്കണം പോലും.

വലിയ സംഖ്യ! കൈവിടാൻ മടിയും.

മാനസി അന്തർജ്ജനം തീർത്തു പറഞ്ഞു. „കൈവിട്ട നമ്മുടെ കുട്ടികളെ വാട്ടരുതു്. അവരുടെ തളർച്ച

നമ്മുടെ തകർച്ചയ്ക്കു കാരണമാകും. പണം ഉടനെ എത്തിച്ചുകൊടുത്തേ മതിയാകൂ. അവരാണ് നമ്മുടെ ഭാഗ്യരേഖകൾ''

വിഷ്ണുനമ്പൂതിരിപ്പാടിനു ശുണ്ഠി വന്നു. പുറമെ അതു കാട്ടിയില്ല. ദിവസങ്ങൾ നീങ്ങുകയാണ്. പണം എടുക്കുവാൻ കൈ ചലിക്കുന്നില്ല; ഹൃദയം അനുവദിക്കുന്നില്ല. പണം ഇതേവരെ അയച്ചിട്ടില്ല. അക്ഷന്തവ്യമായ അലസത. അന്തർജ്ജനം പിടിവിടാതെ പറഞ്ഞുകൊണ്ടിരുന്നു. നമ്പൂതിരിപ്പാട് നിശ്ചലനായി കാണപ്പെട്ടു. മാനസി അന്തർജ്ജനം ശാസനാരൂപത്തിൽ നിർബ്ബന്ധിക്കേണ്ട ഒരു സ്ഥിതിവിശേഷമാണു വന്നെത്തിയതു്. ഒടുവിൽ അയാൾ പണമയച്ചു. ഇരുപത്തയ്യായിരം രൂപ.

ശാന്തിനിറഞ്ഞ സായാഹ്നം. പണം കൈവിട്ട ഹൃദയപിടച്ചിലിന്നു് ആശ്വാസമെന്നോണം വിഷ്ണുനമ്പൂതിരിപ്പാട്ട് മാവിൽ തളച്ചിരുന്ന ശങ്കരൻകുട്ടിയെ താലോലിക്കയാണ്. അവൻെറ ബുദ്ധിപരമായ വിവിധ വിദ്യകൾ നമ്പൂതിരിപ്പാടിന്നു് ബഹു ഇഷ്ടമാണ്. ഈ സന്ദർഭത്തിലാണ് മനയ്ക്കലേയ്ക്കു് ഒരു വിശിഷ്ടാതിഥി കടന്നുവന്നതു്. രവീന്ദ്രൻെറ അച്ഛനാണ്, ഋഷികേശൻനമ്പൂതിരി. സ്നേഹാദരവുകളോടെ അതിഥിയെ സല്ക്കരിച്ചിരുത്തി. സുഖാന്വേഷണങ്ങളുമായി മാനസി അന്തർജ്ജനവും വന്നെത്തി.

പ്രാധാന്യമുള്ള ഒരു കാര്യത്തിനാണ് ഋഷികേശൻ നമ്പൂതിരി എത്തിയിട്ടുള്ളതു്. ലണ്ടനിലേക്കുള്ള മകൻെറ യാത്രയും അതിനു ശേഷമുണ്ടായിട്ടുള്ള സ്ഥിതിവിശേഷങ്ങളും വിവരിച്ചു വരവെ ഇടയ്ക്കു് മാനസി അന്തർജ്ജനം ഒരു ചോദ്യമുന്നയിച്ചു. ''രവീന്ദ്രൻെറ താല്പ്പാ

ലികതാമസസ്ഥലത്തു തന്നെയാണോ സോമനും സാവിത്രിയും? രവീന്ദ്രന്റെ എഴുത്തുകളിൽ ആ കാര്യം സൂചിപ്പിച്ചിരുന്നോ?"

"അതെ, അതെ. സോമനും സാവിത്രിയും രവീന്ദ്രനും കൂട്ടായി താമസിക്കയാണ്. ഞങ്ങൾക്കെല്ലാം സന്തോഷമായി."

"ഇങ്ങോട്ടൊന്നും വരാറില്ലല്ലോ, ഇപ്പോൾ?" വിഷ്ണുനമ്പൂതിരിപ്പാടിന്റെ അർത്ഥഗർഭമായ ഒരു ചോദ്യം.

"വരാതിരിക്കുവാൻ പ്രത്യേകകാരണങ്ങളൊന്നുമില്ല. സമയക്കുറവും ജോലിക്കൂടുതലും, അത്രമാത്രം." ഒരു ചുരുക്കെഴുത്തു വിദഗ്ദ്ധന്റെ ഭാവത്തിൽ ഋഷികേശൻ നമ്പൂതിരി പ്രതിവചിച്ചു. എന്നിട്ടയാൾ വെററില ച്ചെല്ലത്തിൽ കൈ വെച്ചുകൊണ്ടു പറയുകയാണ്: "വിഷ്ണു ഞങ്ങളെ മനഃപൂർവ്വം സഹായിക്കണം. പുറത്തുള്ളവരുമായി വേണ്ടെന്നു കരുതിയാണ് ഇങ്ങോട്ടു പുറപ്പെട്ടതു്. സ്വന്തപ്പെട്ടവരുമായി ഇടപെട്ടാൽ അവിടെ ഇല്ലെങ്കിൽ ഇവിടെ ഉണ്ടാകുമല്ലോ... ..."

സംസാരം ഇടയ്ക്കു നിറുത്തി ഋഷികേശൻ നമ്പൂതിരി വെററില നൂറു തേച്ചുതുടങ്ങി.

ഇന്നോളം ഒരു സഹായത്തിനും ആവശ്യപ്പെടാത്ത ആ ഇളയച്ഛന്റെ സൂചനകൾ മാനസി അന്തർജ്ജനത്തെയും ഭർത്താവിനെയും അത്ഭുതപ്പെടുത്തി. കോട്ടയ്ക്കത്തുമനക്കാർക്കുള്ള സാമ്പത്തികസ്ഥിതിവിശേഷം ഋഷികേശൻ നമ്പൂതിരിക്കില്ല. അതു ശരിതന്നെ. എന്നാലും ആരുടേയും സഹായംകൂടാതെ സ്വന്തം കാലിൽ നില്ക്കുവാനുള്ള കെൽപ്പ് അവർക്കുമുണ്ടു്.

ഏതുവിധ സഹായമാണ് പ്രതീക്ഷിക്കുന്നതെന്നു് അറിയുവാൻ മാനസി അന്തർജ്ജനം തിരക്കുകൂട്ടി.

മുറുക്കി തുപ്പലായ പ്രസരിപ്പോടുകൂടി നവാതിഥി സ്വന്തം നില വ്യക്തമാക്കി. "രവീന്ദ്രൻെറ ഒരെഴുത്തു വന്നിരുന്നു. അതിൽ ഉടനെ പതിനായിരം രൂപ അയച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കയാണ്. ലണ്ടനിൽ പഠനം പൂർത്തീകരിക്കുവാൻ വിഷമം ഇല്ലത്രെ. പണം ധാരാളം വേണമെന്നേയുള്ളു. ഭൂസ്വത്തുക്കൾ നമുക്കുണ്ടു്. ഒന്നായി ഒരു സംഖ്യ എടുത്തു മറിക്കുവാൻ വിഷമിക്കയാണു്."

"എൻെറ രണ്ടു കുട്ടികൾ സ്വർഗ്ഗത്തിലാണല്ലൊ. അവററയും ഇതുപോലെ എഴുതിയിരുന്നു. ഇരുപത്തയ്യായിരം രൂപാ. അതങ്ങു് അയച്ചു. വിയക്കാത്ത ഞാൻ ഇന്നു് വിയർപ്പുതുള്ളികൾ തുടച്ചുമാറേറണ്ടി വന്നു."

ഋഷികേശൻ നമ്പൂതിരിയുടെ മുഖം വാടി. അദ്ദേഹം നിശ്ശബ്ദനായി ഇരുന്നു. ചോദിക്കേണ്ടതില്ലായിരുന്നെന്നു് അന്തഃകരണം മന്ത്രിച്ചു. തല്പിച്ചതഞ്ഞ മനസ്സുമായി മടങ്ങി.

# നാല്

അന്നുരാത്രി മാനസി അന്തജ്ജനം ഭത്താവിനെ നയോപായങ്ങളാൽ മയപ്പെട്ടുത്തി. സ്വഗ്ഗീയ സുഖാനുഭൂതിയിൽ ലയിച്ച നമ്പൂതിരിപ്പാട്ട് ഒരു കുഞ്ഞിൻെറ നിഷ്ക്കളങ്കഭാവത്തിൽ ഇരിക്കയാണു്. ലുബ്ധൻ, മാനുഷികമൂല്യങ്ങളെ ബഹുമാനിക്കുന്ന നിമിഷങ്ങൾ.

രവീന്ദ്രൻെറ കാര്യം ഉപേക്ഷിക്കുവാൻ വയ്യാത്ത ഒന്നായി കണക്കിലെടുക്കണമെന്നു് മാനസിഅന്തജ്ജനം നിർബ്ബന്ധിച്ചു. കടൽ കടന്നുപോയ മകനുവേണ്ടി അച്ഛനമ്മമാർ വേദനകൾ കടിച്ചിറക്കുന്നതു് ദുഷ്ക്കരമെന്നു് അവർ വാദിച്ചു. മഹാലക്ഷ്മി നമ്മെ ചതിച്ചിട്ടില്ല; ചതിക്കുകയുമില്ല. പണം നല്കി സഹായിക്കുന്നതിൽ മറെറാന്നും ധരിക്കേണ്ടതില്ലെന്നു് മാനസി ഉറപ്പിച്ചു പറഞ്ഞു.

വിഷ്ണുനമ്പൂതിരിപ്പാട്ട് മറുപടി പറയുവാൻ തയ്യാറായില്ല.

കോട്ടക്കകെത്തുമന വക സമ്പാദ്യങ്ങൾ ബാങ്കുക ളിൽ നിക്ഷേപിക്കുന്ന പതിവ് നമ്പൂതിരിപ്പാടിനില്ല. അതിൽ അവിശ്വസനീയമായ എന്തൊക്കെയോ അദ്ദേ ഹം കണ്ടുവെച്ചിട്ടുണ്ട്. പണം മനയ്ക്കകത്തുതന്നെ സൂക്ഷി ക്കുന്ന പ്രകൃതമാണ് അയാൾക്കിഷ്ടം. ലക്ഷക്കണക്കിനു പണം കൈമുതലായുണ്ട്. വലിയ പിട്ടത്തക്കാരനാ ണെന്നേയുള്ളു. എന്നിരുന്നാലും അന്തർജ്ജനത്തിൻെറ വാക്കുകൾ തട്ടുവാൻ എപ്പോഴും അശക്തനായി കാണാ റുണ്ട്.

രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു.

ഇരുട്ടറയിലേയ്ക്ക് വിറയ്ക്കുന്ന കാലുകൾ നീങ്ങി. ഹൃദയത്തുടിപ്പുകൾക്കു വേഗതവർദ്ധിച്ചു. മരവിച്ചതായി തോന്നിയ കൈവിരലുകളുടെ ഞെട്ടുകൾ ഒടിച്ചു ശബ്ദമു ണ്ടാക്കി. അറയ്ക്കകത്ത് ഇരുളിൻെറ നിശ്ശബ്ദതയിൽ ല യിച്ചിരുന്ന ഏതാനും നോട്ടുകെട്ടുകൾ വെളിച്ചം കണ്ടു. പതിനായിരം രൂപ. നോട്ടുകൾ എണ്ണി, വീണ്ടും എണ്ണി മാനസി അന്തർജ്ജനത്തിൻെറ കയ്യിൽ ഏല്പിക്കുമ്പോൾ വിഷ്ണുനമ്പൂതിരിയുടെ കരൾ എരിയുകയായിരുന്നു. താമ സിയാതെ പണം ഋഷികേശൻ നമ്പൂതിരിക്ക് എത്തിച്ചു കൊടുത്തു. പക്ഷെ, സംഖ്യ തിരിച്ചേല്പിക്കേണ്ട ചുമതല അന്തർജ്ജനത്തിൽ നിലകൊള്ളുകയാണ്.

മാസങ്ങൾ, വഷങ്ങളുടെ കണക്കിൽ അലിഞ്ഞു ചേൻറു. രണ്ടു മക്കളെ വിദേശവിദ്യാഭ്യാസത്തിനു് അയ ച്ചകണക്കിൽ ലക്ഷത്തിൻെറ അക്കങ്ങൾ സ്ഥാനം പിടിച്ചു.

ലണ്ടനിലുള്ള രവീന്ദ്രൻെറ താമസസ്ഥലം അതി ഥിസല്ക്കാരങ്ങളുടെ കലവറയായി മാറിയിരിക്കയാണു്. സമത്വത്തിൻേറയും സുഖഭോഗങ്ങളുടേയും നാടാണ് ലണ്ടൻ. എല്ലാ സ്വീകരണങ്ങളിലും സോമനും

സാവിത്രിയും പങ്കെടുത്തു തുടങ്ങി. സായങ്കാലാതിഥിക ളിൽ ഇന്ത്യൻ വിദ്യാർത്ഥിനീവിദ്യാർത്ഥികളും വന്നുചേരാറുണ്ട്.

ആ കൂട്ടത്തിൽ മിസ്റ്റർ ചെറിയാനും അയാളുടെ സഹോദരി മിസ് സുശീലയും പ്രാധാന്യമർഹിക്കുന്നവരാണ്. ഉന്നത വിദ്യാഭ്യാസാർത്ഥം ലണ്ടനിൽ താമസിച്ചു വരുന്ന ചെറിയാനും സഹോദരിയും മൂന്നുനാലു ഫാക്ടറികളുടെ ഉടമയായ ജോർജ്ജ് ജോസഫിൻെറ വത്സല സന്താനങ്ങളാണ്. പണംകൊണ്ടു പന്തുകളിക്കുന്ന രണ്ടു ജീവിതങ്ങൾ.

നൈററ് ക്ലബ്ബുകളിൽ നൃത്തങ്ങൾ ചെയ്യുന്നതിൽ ആ സഹോദരിയും സഹോദരനും ഉത്സുകരായി കാണപ്പെട്ടു. ക്രമേണ, സോമനും സാവിത്രിയും അവരുടെ നൈററ് ക്ലബ്ബുകളിലേയ്ക്ക് പോയിത്തുടങ്ങി. ഇളകിമറിയുന്ന ഒരു ലോകമാണ് നൈററ് ക്ലബ്ബ്. സരളവും ലഘുവുമായ വസ്ത്രധാരണം, മദാലസമായ പരിസരങ്ങൾ, കായികമായ ഒരു സ്വർഗ്ഗാനുഭൂതി. അതത്രെ നൈററ് ക്ലബ്ബ്. സങ്കല്പങ്ങൾ അല്ല, എല്ലാം യാഥാർത്ഥ്യങ്ങൾ, യാഥാർത്ഥ്യങ്ങൾ:

ആദ്യമാദ്യം ചെറിയാൻെറയും സുശീലയുടേയും നൃത്തങ്ങൾ നോക്കി രസിക്കുമായിരുന്നു സാവിത്രിയും സോമനും. പിന്നീട് ഒരുദിവസം സോമനും സുശീലയുമായുള്ള ഡാൻസ് രംഗം പ്രേക്ഷകരെ തികച്ചും ആകർഷിച്ചു. അതിലേറെ വിലമതിക്കപ്പെട്ടതായിരുന്നു ചെറിയാനും സാവിത്രിയുമായി നടന്ന നൃത്തം.

കൂടെക്കൂടെയുള്ള ക്ലബ്ബ് സന്ദർശനങ്ങൾ അവരെ കൂടുതൽ അടുപ്പിച്ചു. ഇന്നവർ ക്ലബ്ബുകളിൽ കൂട്ടായി പോകാറില്ല. സായം സന്ധ്യകളിൽ സാവിത്രിയും ചെറിയാനും ചേർന്ന് ഏതെങ്കിലും ഒരു ക്ലബ്ബിൽ പങ്കെടുക്കും.

അധരങ്ങൾ അധരങ്ങളോടു മന്ത്രിക്കുകയാണ്. ഹൃദയം ഹൃദയത്തോടും. സ്നേഹവായ്പുകൾക്കായി കാത്തുനില്ക്കുന്ന അനർഘനിമിഷങ്ങൾ. ജീവിതം തന്നെ അവിടെ വെച്ച് വിസ്മരിക്കപ്പെടും.

റോയൽ ആർട്ട്സിൻെറ ഒരു നൈററ് ക്ലബ്ബാണ് സോമനും സുശീലയും തെരഞ്ഞെടുത്തിട്ടുള്ളതു്. പണം, പണത്തോട്ട് ഏററമുട്ടുന്ന ശബ്ദായമാനമായ ഒരു ലോകം. മാനുഷികമൂല്യങ്ങൾ അവിടെ മാനിക്കപ്പെടണമെന്നില്ല. ആ ലഹരിപിടിച്ച ലോകത്തു് അങ്ങിനെ ഒന്നില്ല. ഏതാനും മിനിററുകൾകൊണ്ടു് ദേവലോകവും സ്വർഗ്ഗകവാടവും കൺമുമ്പിലൂടെ ഇഴഞ്ഞുനീങ്ങും. അവിടെ മതചിന്തയില്ല; മതഭ്രാന്തില്ല. അതിൻെറ പേരിൽ കലഹങ്ങളും കൊലകളുമില്ല. എല്ലാം ഒന്നാണ്. എല്ലാവരുടേയും മനസ്സും ശരീരവും മണിക്കൂറുകൾക്കകം ഒന്നായി ലയിച്ചുചേരും. സോമനും സുശീലയും എത്രയെത്ര നൃത്തവേദി അലങ്കരിച്ചില്ല. ഉറങ്ങാത്ത രാത്രികളുടെ മടിത്തട്ടിൽ ആ സ്നേഹശലഭങ്ങൾ വിശ്രമിച്ചു. കുളിർ കോരിച്ചൊരിയുന്ന അർദ്ധനഗ്നകളായ ദേവതകളുടെ മഹാസാമ്രാജ്യം. അവിടെ ഏതാനും നിമിഷങ്ങൾ വിശ്രമിക്കുമ്പോൾ സീസറുടെ രാജധാനി ഓർമ്മയിൽ ഓടിയെത്തും.

നിതാന്തനിശ്ശബ്ദമായ ഒരന്തരീക്ഷത്തിൽ, „ഓൾഡ് ബെയിലി" യിലൂടെ നീങ്ങിമറയുന്ന ടാക്സികാറിൽ ഇരുന്നു് ചെറിയാൻ ആരായുകയാണ്. „സാവിത്രീ! നമ്മുടെ സുന്ദരസ്വപ്നങ്ങൾ രൂപംകൊള്ളുന്ന ആ അനർഘനിമിഷം വിദൂരമാണോ?"

„പൊൻകിനാവുകൾ യാഥാർത്ഥ്യത്തിലേയ്ക്കു നീങ്ങുകയാണ്; വിദൂരതയിലേയ്ക്കല്ല."

വാൾ സ്ട്രീററിലൂടെ ഇരമ്പിപ്പായുന്ന മറെറാരു ടാക്സികാറിൽനിന്നു് അഭിലാഷങ്ങളുടെ പ്രവാഹഗതി

യിൽ ശ്വാസംമുട്ടുന്ന സോമൻ, സ്നേഹിതയോട്ട് ഒരു ചോദ്യം. അക്ഷമയായി കാത്തുനില്ക്കുന്ന സ്വൎഗ്ഗകന്യക. മാടിമാടി വിളിക്കുന്ന മന്ദഹാസങ്ങൾ. ഇതാ എൻെറ ഹൃദയത്തിലേയ്ക്കു നോക്കൂ. അവൾ, അവൾ, ആ സുശീല നൃത്തംവെക്കുകയാണ്, നൃത്തം.''

''എൻെറ സോമാ! കളിയാക്കാതെ. ആ ഹൃദയം നോക്കാതെതന്നെ ഞാൻ കാണുകയാണ്. ആ ഹൃദയത്തിൽ ഞാൻ ചിലമ്പൊലികൾ മുഴക്കി നൃത്തം വെയ്ക്കും, മതിവരോളം. എന്നല്ല, ആ ഹൃദയത്തിൻെറ ഉള്ളറയിലാണ് എൻെറ അന്ത്യവിശ്രമവും...''

പുഷ്പിക്കുന്ന സ്നേഹപ്രകടനങ്ങളുടെ നീരുറവകൾ അങ്ങിനെ മന്ദംമന്ദമായി ഒഴുകുകയാണ്. പൊട്ടിച്ചിരിക്കുന്ന നെടുവീപ്പുകൾ. തലമുറകളെ തള്ളിനീക്കി നാളത്തെ ഭാഗ്യരേഖകളായി മുന്നേറുന്ന ഉഷസ്സുകൾ, പൊന്നുഷസ്സുകൾ.

രവീന്ദ്രൻ മററൊരു പ്രേമകഥയുടെ വാതിൽപ്പുറകാഴ്ചകൾ പൂൎത്തിയാക്കിക്കഴിഞ്ഞിരിക്കയാണ്. നിശ്ശബ്ദതയിലേയ്ക്കു സ്വയം നീങ്ങിനിന്ന് മററാക്കും ശല്യമില്ലാത്ത ഒരു ചോലയിലാണ് അതൊക്കെ നടക്കുന്നതു്. ജീവിതത്തിൽ രവീന്ദ്രനും ഒരു കൂട്ടുകാരിയുണ്ട്. മിസ് സുലു. വൎണ്ണശഭളയാണ് അവൾ. നന്നായി പാടും. മധുരിമ കലൻ്റ മനോഹരമായ ഗാനങ്ങൾ ആ കണ്ഠനാളത്തിലൂടെ ഉയൻ്റ് ലോലമായ തന്ത്രികളിൽ സ്പൎശിച്ചു നീങ്ങിമറയുമ്പോൾ രവീന്ദ്രൻ സ്വയം നിർവൃതിയടയും. സൌന്ദര്യാരാധകയായ മിസ് സുലുവിൻെറ യഥാൎത്ഥ നാമം സുലേഖ എന്നാണ്. സുലു എന്ന പേരിലാണ് അവൾ അറിയപ്പെടുന്നതു്. മദ്ധ്യേഷിയിലെ ഒരു ഉറച്ച മുസ്ലിംകുടുംബാംഗമാണ്. ലണ്ടനിൽ അവൾ ഒരു സയൻസ്സ് വിദ്യാൎത്ഥിനിയാണ്. കൂസലില്ലാത്ത പ്രകൃതവും.

# അഞ്ച്

രവീന്ദ്രനുമായി അവൾ നർമ്മസല്ലാപങ്ങളിലേർപ്പെ ടുന്നതു് ഒരു ജാപ്പനീസ് റെസ്റ്റോറൻറിൽവെച്ചാണ്. അവിടെ നിന്നു് അല്പം അകലെ ഫ്ളീററ് സ്ട്രീ ററിൽ മിസ് സുലു ഒരു മുറി വാടകയ്ക്കു് എടുത്തിട്ടുണ്ടു്. റെസ്റ്റോറൻറിൽ അവൾ വളരെ സമയം ഉല്ലാസവതി യായി ചെലവഴിക്കും. നാണംകുണുങ്ങിയായ നിശയുടെ മദ്ധ്യയാമം നോക്കി ആ സ്നേഹഗായിക കാമുകനുമൊത്തു് ഫ്ളീററ് സ്ട്രീററിലേയ്ക്കു പുറപ്പെടും. മണിക്കൂറുക ളോളം വരുന്ന വിശ്രമം. ശാന്തിനിറഞ്ഞതും എന്നാൽ എല്ലാം ഒത്തിണങ്ങിയതുമായ അവളുടെ മുറിയും പരി സരങ്ങളും കാമുകവൃന്ദങ്ങൾക്കു് എത്രമാത്രം ഹൃദ്യമാണെ ന്നോ? ഹൃദയം ഹൃദയത്തോടു് അലിഞ്ഞുചേരുന്ന നിമി ഷങ്ങൾ. തൂമന്ദഹാസം പൊഴിക്കുന്ന മുഖം, മുഖത്തോടു് അടുക്കുകയാണ്. രോമാഞ്ചം പകരുന്ന അനുഭൂതി. അതേ, അതെ, ഒരു സ്വർഗ്ഗാനുഭൂതി അവരെ ചുററിപ്പററി

5232
Jawahar Balbhavan & Children KOTTAYAM.

ഇക്കിളി കൂട്ടുകയാണ്. ഒന്നിക്കുവാനുള്ള വ്യഗ്രതയിൽ യുവത്വം പുളകം ചാർത്തുകയല്ല, പുഷ്ടിക്കുവാൻ വെമ്പൽ കൊള്ളുകയാണ്.

നൈററ് ക്ലബ്ബുകളിലെ നൃത്തജീവികളായ സോമനും സാവിത്രിയും തിരിച്ചെത്തുന്നതിനു മുമ്പെ തന്നെ രവീന്ദ്രൻ താമസസ്ഥലത്തെത്തും. അവരുടെ എല്ലാം താൻ അറിഞ്ഞുകഴിഞ്ഞ ഭാവം രവീന്ദ്രൻ പ്രകടിപ്പിക്കാറുണ്ട്. തൻെറ ബന്ധങ്ങൾ അവർ അറിയരുതെന്നും അവരെ അറിയിക്കരുതെന്നും നിർബന്ധമുള്ള പ്രകൃതവും.

മക്കളുടെ എഴുത്തുകൾ തുടരെത്തുടരെ അച്ഛനമ്മമാക്ക് വന്നുകൊണ്ടിരിക്കയാണ്. ലണ്ടനിലെ, സമത്വസുന്ദരമായ അന്തരീക്ഷം, സാമൂഹ്യക്രമം, പഠനക്രമം, പഠനകാര്യത്തിലുള്ള ശുഷ്കാന്തി ഇതൊക്കെ എഴുത്തിലെ ഉള്ളടക്കങ്ങളാണ്. പക്ഷെ, ഭാരിച്ച ജീവിതച്ചെലവുകളുടെ പറുദീസായാണത്രെ ലണ്ടൻ. പതിവായി പണം അയയ്ക്കേണ്ട കാര്യത്തെപ്പററി വിസ്മരിക്കരുതെന്ന് ഓർമ്മിപ്പിക്കലും.

മുണ്ടക്കയത്തുനിന്ന് പണമയച്ചുകിട്ടുവാൻ താമസം കണ്ടിരുന്നില്ല. ചെറിയാൻെറയും സുശീലയുടേയും ആവശ്യങ്ങളും സാധിച്ചുകൊടുക്കുന്നതിൽ ജോർജ്ജ് ജോസഫ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പണസംബന്ധമായ കാര്യത്തിൽ മിസ് സുലുവിൻെറ വന്ദ്യപിതാവ് സിക്കന്തർ സാഹിബും പുറകോട്ടല്ല പോക്ക്. മയ്യഴിയിൽ നിന്ന് പണം പറന്നെത്തുകയാണെന്നു ചുരുക്കം. വിപരീതമായ ഒരു നിലപാടാണ് കോട്ടയ്ക്കകത്തു മനയിൽ നിന്നും അനുഭവപ്പെടുന്നതു്. ചുളിവും മുഷിവും തട്ടാത്ത കറൻസികൾ കൈവെടിയുവാൻ വിഷ്ണുനമ്പൂതിരിപ്പാട്ട് അനുഭവിക്കുന്ന മനഃപ്രയാസം എത്രയെന്നു പറയുവാൻ വയ്യ. പണത്തിനു പകരം താക്കീതുകൾ നല്കിക്കൊണ്ടുള്ള

ഒന്നു രണ്ടു കത്തുകളായിരിക്കും ആദ്യം ചെന്നെത്തുന്നതു്. പുറകെ ആവശ്യപ്പെട്ട പണവും.

രവീന്ദ്രൻെറ ഇല്ലക്കാർ വാസ്തവത്തിൽ വല്ലാതെ ഞെരുങ്ങുന്നുണ്ടു്. മകൻെറ ഉന്നത വിദ്യാഭ്യാസത്തിനായി ഇത്രയും ക്ലേശങ്ങൾ തരണം ചെയ്യേണ്ടിവരുമെന്നു് ഋഷികേശൻനമ്പൂതിരി വിചാരിച്ചിരുന്നതല്ല. ഇല്ലം വക ഇരുപത്തിയഞ്ചു പറ നിലവും വലിയൊരു തുക വാർഷികവരുമാനമുള്ള തോട്ടവും വില്പന ചെയ്തിട്ടാണു് അവർ വീണ്ടും പണമയച്ചതു്. രവീന്ദ്രൻെറ ശ്രേയസ്കരമായ ഭാവിജീവിതത്തിൽനിന്നും വിററുപോയതൊക്കെ തിരിച്ചെടുക്കാമെന്ന പിതൃസഹജമായ വിശ്വാസം ഋഷികേശൻനമ്പൂതിരി കൈമുതലായി സൂക്ഷിച്ചു.

മററുള്ളവരെ അപേക്ഷിച്ചു് രവീന്ദ്രൻ വലിയ തുകകൾക്കായി തുടരെ തുടരെ എഴുതി വീട്ടുകാരെ ശല്യപ്പെടുത്താറില്ല. സ്വന്തം നില ശരിക്കും മനസ്സിലാക്കിയാണു് അയാൾ ലണ്ടൻജീവിതം നിയന്ത്രിച്ചു പോരുന്നതു്. ഇതിൽ മറെറാരു യാഥാർത്ഥ്യം ഒളിഞ്ഞുകിടപ്പുണ്ടു്. മിസ് സുലുവിൻെറ ലണ്ടൻ ജീവിതനിമിഷങ്ങൾ പണം പറപ്പിക്കുന്നവയായിരുന്നു. ഉയന്ന തോതിൽ അവൾക്കു് എന്തിനും സൌകര്യമുണ്ടായിരുന്നു. എത്ര വേണമെങ്കിലും ധൂർത്തടിക്കാം, പണം അവൾക്കൊരു പ്രശ്നമല്ല. രവീന്ദ്രൻെറ പല ആവശ്യങ്ങൾക്കും മിസ് സുലു സാമ്പത്തികസഹായം ചെയ്തിരുന്നു. ആ കാര്യത്തിൽ അവൾ തികച്ചും സന്നദ്ധത പ്രകടിപ്പിച്ചു കണ്ടു. രവീന്ദ്രനെ സഹായിക്കുവാൻ കിട്ടുന്ന ഓരോ സന്ദർഭവും അവളുടെ കരളിൽ കാരുണ്യം കാററൂതുന്ന പ്രതീതിയുളവാക്കി.

മാദകമായ മാസങ്ങൾ പറന്നകന്നു. ആണ്ടുകൾ നീങ്ങി മറഞ്ഞു. രവീന്ദ്രൻെറയും ചെറിയാൻ, സുശീല,

സുല്യമാരുടേയും ലണ്ടൻ പഠനകാലം പൂർത്തിയായി. അവരെ ഇനി ലണ്ടൻപട്ടണം കാത്തുനില്ക്കില്ല. പക്ഷേ സാവിത്രിയെ കൂടാതെ ചെറിയാൻ മടങ്ങുക എങ്ങിനെ? ലണ്ടൻ വിഹാരങ്ങൾക്കു സോമനെ കാണിക്കവെച്ചു കൊണ്ടു മടങ്ങുക സുശീലയെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്.

തലവേദന ഉളവാക്കുന്ന സ്ഥിതിവിശേഷം, സോമൻെറയും സാവിത്രിയുടെയും പഠനം പൂർത്തിയാകുവാൻ മാസങ്ങൾ ഇനിയും ചിലതു കഴിയേണ്ടതുണ്ടു്. പരസ്യമായ ആലോചനകളും രഹസ്യമായ തീരുമാനങ്ങളും അങ്ങിനെ രൂപംകൊള്ളാതെ നിലകൊള്ളുകയാണ്. ഇതു സംബന്ധിച്ച് അവർ പരസ്പരം നടത്തിയ ആലോചനകളുടെ അവസാനരൂപം വെളിച്ചം കാണുവാൻ ദിവസങ്ങൾ ഏറെപ്പിടിച്ചു. സോമൻെറയും സാവിത്രിയുടെയും പരീക്ഷ പൂർത്തിയാകുന്നതുവരെ ലണ്ടനിൽ തന്നെ കഴിഞ്ഞുകൂട്ടുവാൻ അവർ നിശ്ചയിച്ചുറച്ചു. മഞ്ഞുമഴകൾക്കു കുട ചൂടി, ആരാമങ്ങൾക്കു രോമാഞ്ചം ഉളവാക്കുവാൻ പുലരിയേയും സന്ധ്യയേയും കാത്തിരിക്കുകയാണ് യുവത്വം.

ഓരോരുത്തരും സ്വന്തം വീടുകളിലേക്കു സന്ദേശങ്ങൾ അയച്ചു.

"പഠനം പൂർത്തിയായി. മടക്കയാത്രയ്ക്കു് ഇനിയും താമസം നേരിടുമത്രെ. പ്രതികൂലമായ കാലാവസ്ഥ! നിരീക്ഷണാലയം ഉറപ്പു നല്കുന്നതുവരെ ഇന്ത്യയിലേക്കുള്ള യാത്ര സുരക്ഷിതമായിരിക്കയില്ല.

മാതാപിതാക്കൾക്കു് ആശങ്ക നൽകുവാൻ ആ സന്ദേശങ്ങൾ അധികമായിരുന്നു. നിരീക്ഷണാലയം ഉറപ്പു നൽകുന്നതു വരെ അവിടെത്തന്നെ വിശ്രമംകൊള്ളുവാൻ മറുപടി സന്ദേശങ്ങൾ വന്നെത്തി.

# ആറ്

സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്ന തിരക്കിൽ ഒരത്യാഹിതം ചെറിയാനേയും സാവിത്രിയേയും സ്തബ്ധരാക്കി. ഞായറാഴ്ച ദിവസം. ഇംഗ്ലണ്ടിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലണ്ടൻ പട്ടണത്തിൽ ധാരാളം സന്ദർശകർ എത്തിയിരുന്നു. കമ്പനി ഉദ്യോഗസ്ഥന്മാരും അവരുടെ സ്നേഹിതകളും ശനിയാഴ്ച ഉച്ചയ്ക്കുശേഷം ലണ്ടൻനഗരത്തിലെത്തും. സന്തോഷപ്രകടനങ്ങളും നൈററ്ക്ലബ്ബ് സഹകരണവും എല്ലാം എല്ലാമായി ഞായറാഴ്ച വരെ അവിടെ കൂട്ടം പുലർച്ചെ ലണ്ടൻ പട്ടണത്തോട് "മീററ് എഗെയിൻ" എന്നു വിടചോദിച്ചു മടങ്ങും.

ചെറിയാനും സാവിത്രിയും അന്ന് നൈററ്ക്ലബ്ബ് സന്ദർശനങ്ങളും നൃത്തങ്ങളും മററും കഴിഞ്ഞു മടങ്ങുമ്പോൾ രാത്രി ഒരുമണി കഴിഞ്ഞിരുന്നു. ധാരാളം വിസ്കി അവർ കുടിച്ചിരുന്നു. തലയിൽ വലിയ ചുമടുകയററിയ

പോലെതോന്നി. ഒരനിയന്ത്രിതാവസ്ഥ. അയാൾ സാവിത്രിയുടെ തോളിൽ തലചായ്ച്ച് ഇരിക്കയാണ്. ടാക്സികാർ "ഓൾഡ് ബെയിലി"യിൽ എത്തിയപ്പോൾ വേഗത നിലച്ചു കണ്ടു. യാന്ത്രികമായ എന്തോ തകരാറുകൾ. ഡ്രൈവർ സുപരിചിതനായ റോബർട്ടായിരുന്നു. അയാൾ വണ്ടിയിൽ നിന്നിറങ്ങി കേടുപാടുകൾ പരിശോധിക്കുകയാണ്. ഇതൊന്നും ചെറിയാൻ അറിഞ്ഞിരുന്നില്ല. സാവിത്രിയും മയങ്ങിക്കഴിഞ്ഞിരുന്നു.

അവിചാരിതമായാണ് പോലീസ് ഓഫീസർമാർ എത്തിയതു്. അവർ റോബർട്ടിനെ ചോദ്യം ചെയ്തു. അജ്ഞാതമായ ഏതോ കേസ്സിൻെറ സൂചന കണ്ടെത്തിയപോലെ പോലീസ് രംഗം ശരിക്കും പരിശോധിച്ചു. റോബർട്ട് ഉൾപ്പെടെ മൂന്നുപേരേയും പോലീസ് ഓഫീസർമാർ കസ്റ്റഡിയിലാക്കി.

ഓൾഡ് ബെയിലിക്കടുത്തു് ഒരു മണിക്കൂർ മുമ്പെ രക്തംപുരണ്ട വേഷത്തിൽ ഒരു യൂറോപ്യൻ യുവതിയുടെ ശവശരീരം കണ്ടെത്തുകയുണ്ടായി. ഈ സംഭവം അധികൃതന്മാരെ അത്ഭുതപ്പെടുത്തി. അതിനു് പ്രത്യേക കാരണങ്ങളുമുണ്ടു്. ഓൾഡ് ബെയിലി എന്നും ശ്രദ്ധേയമായ സ്ഥലമാണ്. ലണ്ടനിലെ ക്രിമിനൽ കോടതികളുടെ സെൻട്രൽ കോർട്ടു് സ്ഥിതിചെയ്യുന്നതു് അവിടെയാണ്. അതിനടുത്താണ് മൃതശരീരം കണ്ടെത്തിയതു്. എന്തു സംഭവിച്ചു? എങ്ങനെ സംഭവിച്ചു? ഓഫീസർമാക്കു് നിക്കകെള്ളി ഇല്ലാതായി. തെളിവുകൾ ഒന്നും കാണുന്നില്ല. എങ്കിലും അവർ തെരച്ചിൽ ഊർജ്ജിതമാക്കി. ഈ അവസരത്തിലാണ് റോബട്ടിനേയും മററും കണ്ടെത്തിയതു്. അങ്ങിനെ ആകസ്മികമായി അവർ പോലീസ് കസ്റ്റഡിയിൽ അകപ്പെട്ടു.

പുലർച്ചയോടുകൂടി പത്രങ്ങളുടെ പ്രഭാതപ്പതിപ്പുകളിൽ വിവരം വെളിക്കുവന്നു. മരണമടഞ്ഞ യുവതിയുടേയും പിടിക്കപ്പെട്ടവരുടേയും ഫോട്ടോകൾ പ്രസിദ്ധീകരിച്ചു് സംഭവത്തെ കൂടുതൽ പ്രാധാന്യമുള്ളതാക്കിത്തീക്കുവാൻ പത്രങ്ങൾ വെമ്പൽകൊണ്ടു. ലണ്ടനിലെ ഇന്ത്യൻ വിദ്യാൎത്ഥികളുടെ ഇടയിൽ സംഭവം വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു. രവീന്ദ്രനും അയാളുടെ സുഹൃത്തുക്കളും പാഞ്ഞെത്തി. അവ്യക്തത നിറഞ്ഞ അന്തരീക്ഷം. ഒരു കുററാന്വേഷകൻെറ ഉപരിപഠനം പൂൎത്തീകരിച്ച രവീന്ദ്രൻ പോലീസ് ഓഫീസർമാൎക്ക് ആവശ്യമായ ഉറപ്പു നല്കി ചെറിയാനേയും സാവിത്രിയേയും ഡ്രൈവർ റോബർട്ടിനേയും താമസസ്ഥലങ്ങളിലേയ്ക്കു പറഞ്ഞയച്ചു. സ്ഥലം വിട്ടുപോകാതിരിക്കുവാൻ പോലീസിനെ കാവൽ നിശ്ചയിച്ചു.

സുഹൃത്തുക്കൾ പിന്നെയും ന്യൂറുകണക്കിനു് ഓടിയെത്തി. അത്ഭുതവും അവമാനഭാരവും ചെറിയാനേയും മററും അലട്ടുകയാണു്. മണിക്കൂറുകൾ, മായികമായ സന്തോഷത്തിനും ആനന്ദത്തിനും ചിലവഴിച്ചിരുന്ന സാവിത്രിയും സ്നേഹിതനും ഇന്നു പുറത്തിറങ്ങുവാൻ വയ്യെന്നമട്ടിൽ വീട്ടുതടങ്കലിൽ കഴിയേണ്ടിവന്നതു് കൂട്ടുകാരുടെ ഇടയിൽ വലിയ സംസാരവിഷയമായിത്തീൎന്നു.

ഒരാഴ്ചയെ വേണ്ടിവന്നുള്ളു. പോലീസ് ഓഫീസർമാർ പത്രങ്ങളുടെ നിശിതവിമർശനങ്ങൾക്കു വിധേയരായി. ഓൾഡ് ബെയിലിക്കടുത്തുവെച്ചു് മരണമടഞ്ഞ യൂറോപ്യൻ വനിതയുടെ ഘാതകനെ പിടികിട്ടി. സിംഗർ എന്ന ഒരു ഫോട്ടോഗ്രാഫർ ആയിരുന്നു കൊലപാതകം നടത്തിയതു്.

പോലീസ് ചീഫ് ഓഫീസർ മിസ്റ്റർ മോറിസൺ തൻെറ കാറുമായിട്ടാണു് എത്തിയതു്. അയാൾ

ചെറിയാനേയും സാവിത്രിയേയും ഒരു ഡിന്നറിനു ക്ഷണിക്കുവാനാണ് എത്തിയിട്ടുള്ളതു്. അതിശയം തോന്നിക്കുന്ന ക്ഷണനം. അതു് സ്വീകരിക്കരുതെന്നു് കൂട്ടുകാരിൽ പലരും പറഞ്ഞു. ഏതോ കുടുക്കു് വെച്ചുകൊണ്ടുള്ള വരവാണെന്നു സംശയിച്ചു. ക്ഷണനം നിരാകരിക്കുന്നതു് മിസ്റ്റർ മോറിസനെ അറിഞ്ഞുകൊണ്ടു് അപമാനിക്കയാണെന്നു തോന്നി. നേരിട്ടുവന്നു ക്ഷണിക്കുമ്പോൾ നിസ്സഹകരണഭാവം കാട്ടുന്നതു ശരിയല്ലെന്നു് ചെറിയാൻ അഭിപ്രായപ്പെട്ടു. അവർ ഡിന്നറിനുള്ള ക്ഷണം സ്വാഗതം ചെയ്തു.

തീററിയും കുടിയും നടന്നുകൊണ്ടിരിക്കെ മിസ്റ്റർ മോറിസൺ പശ്ചാത്താപം പ്രകടിപ്പിച്ചു. സമയവും സന്ദർഭവും വെച്ചു് സംശയത്തിൻെറ പേരിൽ കസ്റ്റഡിയിലാക്കേണ്ടിവന്ന സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ടു് കഴിഞ്ഞതെല്ലാം മറക്കണം എന്നായിരുന്നു അയാളുടെ അപേക്ഷ. യൂറോപ്യൻ സംസ്കാരത്തിൻെറ ഒരു സവിശേഷതയാണതു്. നമ്മുടെ നാട്ടിലോ?

ഏതാനും ദിവസത്തെ നിശ്ശബ്ദജീവിതത്തിനുശേഷം ചെറിയാനും സാവിത്രിയും നൈററ്ക്ലബ്ബ് സന്ദർശനം ആവർത്തിച്ചു കണ്ടു. മദനോത്സവങ്ങൾ പിന്നിട്ട ദിവസങ്ങൾ നീക്കുന്ന കാമുകീകാമുകന്മാർ. ഇന്നവർ ഇന്നലത്തേതിലും സുപരിചിതരാണു് ലണ്ടൻ നിവാസികൾക്കു്.

# ഏഴ്

കോട്ടയ്ക്കകത്തുമനയിൽ വിവാഹാലോചനകൾ തകൃതിയിൽ നടക്കുകയാണ്. ഋഷികേശൻനമ്പൂതിരിയേയും "വേളി" ആലോചനക്കാർ പിടികൂടാതിരുന്നില്ല. വലിയ വലിയ ജന്മികുടുംബങ്ങളിൽ നിന്നു വന്നെത്തുന്ന ഓഫർ അച്ഛനമ്മമാരെ ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു. സാവിത്രിയെ കോവിലകത്തു ചെറിയ രാജാവ് വേളി കഴിക്കാൻ ഒരുക്കമാണെന്നുവരെ അറിവു കിട്ടിക്കഴിഞ്ഞു. വിവരവുമായി വന്നെത്തിയ കാര്യസ്ഥൻ കോമുനായരെ അർത്ഥഗർഭമായി നോക്കി, വിഷ്ണുനമ്പൂതിരിപ്പാട്ടു പറഞ്ഞു: "അരചന്മാരുടെ അരമനയിൽ ശൂദ്രസ്ത്രീയേ പററൂ. നമ്പൂതിരിസ്ത്രീക്കു ചേർന്നതല്ല അത്. കോമു പോയി പറഞ്ഞോളൂ; കോട്ടയ്ക്കകത്തുമനയിൽ അതിനു പററിയ പെണ്ണില്ലെന്ന്... ..."

സോമനെ ഉദ്ദേശിച്ചു വന്നെത്തിയ ആലോചനകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നുണ്ടു്. മലയാ ഗവണ്മെൻറ് സെക്രട്ടറിയായിരുന്നു റിട്ടയർ ചെയ്ത ശ്രീ. ടി. വി. സി. ടി. തമ്പാൻെറ മകൾ ശ്രീലത M. Sc. ശേഷം ചിന്ത്യം. ശ്രീലത ഇപ്പോൾ ദില്ലിയിൽ ഉയന്ന ഉദ്യോഗത്തിലാണു താനും. തീന്നില്ല, സവിശേഷതകൾ വേറെയുമുണ്ടു്. ടി. വി. സി. ടി. തമ്പാൻ ഏതിനും കരുത്തനാണു്. ഇന്നല്ല, പണ്ടു്. ഇപ്പോൾ ഇരുത്തംവന്ന കാലമാണു്, ഇരുത്തം. പുള്ളിക്കാരൻ മലയാ വിട്ടപ്പോൾ അന്നത്തെ അനുകൂലമായ ചുററുപാടുകൾ ശരിക്കും വിനിയോഗിച്ച ആളാണു്. കപ്പൽ നിറയെ സ്വണ്ണവുമായിട്ടാണു് തിരിച്ചു വരവു്. ഇന്നും അതൊക്കെ സൂക്ഷിച്ചിട്ടുണ്ടു്. ഒരു പവനെങ്കിലും സ്വണ്ണബോണ്ടിൽ നിക്ഷേപിക്കുകയോ നിക്ഷേപിക്കാമെന്നു വിചാരിക്കയോ ഉണ്ടായിട്ടില്ല. ശ്രീലത ഏകസന്താനമാണു്. അവൾക്കും ഭാരിച്ച ശമ്പളമുണ്ടു്. വേളി കഴിക്കുന്നവനു് എടുപ്പതു കിട്ടും.

ഇടവും വലവും നോക്കാതെ വിഷ്ണുനമ്പൂതിരിപ്പാടു തീത്തു പറഞ്ഞു: സോമൻ തിരിച്ചെത്തിയാൽ ശ്രീലതയുമായി ബന്ധം ഉറപ്പിക്കുവാൻ തയ്യാറാണെന്നു്. ശ്രീലതയുടെ കാര്യത്തിൽ മനസി അന്തജ്ജനവും കൂടുതൽ സംതൃപ്തയാണു്. അങ്ങിനെ സോമൻ തിരിച്ചെത്തിയാൽ കോട്ടയ്ക്കുകത്തുമനയിൽ ഗാംഭീര്യം നിറഞ്ഞ വിവാഹമാണു് നടക്കുവാൻ പോകുന്നതു്.

രവീന്ദ്രനും മതിപ്പുവില ഒരു ലക്ഷത്തോളം വരുന്ന സ്വത്തു വരെ എത്തിയിട്ടുണ്ടു്. വിവാഹ കമ്പോളനിലവാരത്തിൽ ആണുങ്ങൾക്കാണു് അല്പം പ്രിയം കൂടുതൽ. മാക്കററു് ഇടിയുന്നതിനു മുമ്പെ വിചാരിച്ചിടത്തു പ്രശ്നം കൊണ്ടെത്തിക്കുവാൻ ഋഷികേശൻനമ്പൂതിരിയും

ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. ഇപ്പോൾ വന്നിരിക്കുന്ന ആലോചനയ്ക്ക് ഗുണവും തൂക്കവും കൂടുതലുണ്ട്. പഴയ നമ്പൂതിരിശാഖയിൽപ്പെട്ട ഒരു പെണ്ണിന്റെ കാര്യമാണ്. വിദേശവകുപ്പിൽ ഉദ്യോഗമുള്ള കുലീനയും സൌന്ദര്യവതിയുമായ ഒരു യുവതിയെന്നു ചുരുക്കം. മാലിനി അമ്മ തമ്പുരാട്ടി, മിസ് എം. എ. തമ്പുരാട്ടി എന്ന പേരിലാണ് ഔദ്യോഗികലോകത്ത് അറിയപ്പെടുന്നത്. ഋഷികേശൻ നമ്പൂതിരി ആ കാര്യത്തിൽ സമ്മതം മൂളിയിട്ടുണ്ട്.

"കുട്ടികളെല്ലാം ലണ്ടനിലാണ്. അവർ തിരിച്ചു വരാതെ ഒന്നിനും നിവൃത്തിയില്ലല്ലൊ." വിഷ്ണുനമ്പൂതിരിപ്പാടിന്റെയും ഋഷികേശൻ നമ്പൂതിരിയുടെയും വിവാഹ ആലോചന സംബന്ധിച്ച സംയുക്തപ്രസ്താവനയുടെ രത്നച്ചുരുക്കം അങ്ങിനെ ആയിരുന്നു.

ഇതു സംബന്ധിച്ചു കൂടുതൽ ഇളക്കം തട്ടിയ ഒരാളുണ്ട്. കോവിലകത്തെ ചെറിയ രാജാവു പതിവായി കാര്യസ്ഥൻ കോമുനായരെ കോട്ടയ്ക്കകത്തുമനയിൽ പറഞ്ഞയച്ചു തുടങ്ങി. ചെറിയ രാജാവിന്റെ ഇംഗിതം ആദ്യത്തേതും അവസാനത്തേതുമാണെന്നു വരെ കാര്യസ്ഥൻ ധരിപ്പിച്ചു കഴിഞ്ഞു. ആണുങ്ങളുടെ സ്റ്റാർവാല്യൂ താഴ്ത്താതിരുന്നാൽ മതിയായിരുന്നു. മാനസികാസ്വാസ്ഥത വരുത്താതെ ശൌനിക്കണമെന്നു മാനസി അന്തർജ്ജനം പറഞ്ഞയക്കാറുണ്ട്.

കോമുനായരുടെ പതിവായുള്ള വരവ് വിഷ്ണുനമ്പൂതിരിപ്പാടിനെ രോഷാകുലനാക്കി. ഒരു ദിവസം നമ്പൂതിരിപ്പാട് ദൃഢസ്വരത്തിൽ തിരിച്ചടിച്ചു. "ഈ കാര്യവും പറഞ്ഞു കോമു ഇനി വന്നാൽ! നമ്പൂതിരികൾ കോവിലകങ്ങളിൽ സംബന്ധം ചെയ്യാറുണ്ട്. നമ്പൂതിരിപ്പെണ്ണുങ്ങളെ അങ്ങോട്ടേടുക്കുന്ന കാലം വന്നിട്ടില്ല.

വരട്ടെ, അപ്പോൾ അറിയിക്കാം. ധിക്കാരം നിറഞ്ഞ ആലോചന. കോമൂ, തല മറന്നു് എണ്ണ തേക്കല്ലേ? ഇനി ഇതും പറഞ്ഞു വന്നാൽ!''

ഇമ്പങ്ങൾ കലന്ന കിനാവുകളുടെ ദിവസങ്ങൾ തള്ളിനീക്കി, മാസങ്ങൾ ചിലതു മാഞ്ഞു മറഞ്ഞു. സാവിത്രിയുടേയും സോമന്റേയും പഠനം പൂർത്തിയായി. റോയൽ ആർട്ട്സ് ഗ്യാലറിയിൽ വെച്ചു് ലണ്ടൻ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ വക ഒരു വിരുന്നു നടക്കുകയാണു്. രവീന്ദ്രൻ, സുലു, ചെറിയാൻ, സാവിത്രി, സോമൻ, സുശീല ഇത്രയും പേരാണു് വിശിഷ്ടാതിഥികൾ. കുപ്പികൾ ഉടഞ്ഞു് നൃത്തവേദിയിലേയ്ക്കു് ഒഴുകി. പാദസ്പർശനങ്ങളുടെ ശബ്ദം മായികമായ വികാര ധ്വനികളായി മാറി. നേരിയ ഗാനവീചികൾ പ്രേക്ഷകരിൽ കുളിർകോരി ചൊരിഞ്ഞു.

അവർ മടങ്ങുകയാണു്. നൈററ് ക്ലബ്ബുകളും മാദക നൃത്തങ്ങളും മദിരോത്സവങ്ങളും നിയന്ത്രിച്ചിട്ടുള്ള ആർഷ ഭാരതത്തിലേയ്ക്കു്. അവിടെ നിത്യജീവിതവുമായി പററിച്ചേരാവുന്നതൊക്കെ ഇവിടെ മാനംകെട്ട നിലവാരം സൃഷ്ടിക്കും. ഫ്രോക്കിനകത്തു നിന്നു് മാംസം ഒരു തുള്ളി സ്നേഹത്തിനു വേണ്ടി പുറത്തേക്കു നോക്കുന്ന സംസ്കാരനിലവാരം അവിടെ സർവ്വത്ര സമാദരണീയമെങ്കിൽ ഇവിടെ ആ തരം രീതികളെ ജനത വെറുക്കുകയും വിലക്കുകയും ചെയ്യുന്നു. അന്തരസൂചിക അതാണു്. അതൊക്കെ ഇവിടെനിന്നു പോയവർക്കും അറിയാം. അനുകൂലമായ കാലാവസ്ഥയുടെ തണൽപററി, മലർവാടികളോടു വിടവാങ്ങി, അവർ ലണ്ടൻനഗരത്തോടു യാത്ര ചൊല്ലി. മെല്ലെ ഉയൎന്നു പൊങ്ങിയ വിമാനത്തിലിരുന്നു് ഒരിക്കൽകൂടി അവർ ലണ്ടൻ പട്ടണത്തെ തിരിഞ്ഞു

നോക്കി. പുതുമ നിറഞ്ഞ ഭൂതകാല അനുഭവങ്ങൾ അവിടെ തളംകെട്ടി നില്ക്കുന്നതായി തോന്നി.

കല്ക്കത്തയിലേക്കാണ് അവർ പുറപ്പെട്ടിരിക്കുന്നത്. വിമാനത്തിൽ വെച്ചുണ്ടായ ചില സമ്പർക്കങ്ങളുടെ നേരിയ വെളിച്ചത്തിൽ ആ കുററാന്വേഷണ വിദഗ്ദ്ധൻെറ കണ്ണിൽ വെളിച്ചം കണ്ടു. സ്വന്തം ആത്മരഹസ്യം വെളിക്കു വിടാതെ കൊല്ലങ്ങൾ പിന്നിട്ട രവീന്ദ്രൻ സമൂഹത്തിൻെറ മുമ്പിൽ പ്രണയാർത്ഥിയായി മാറിക്കഴിഞ്ഞു. എല്ലാവരിലും നിറഞ്ഞ സന്തുഷ്ടി പ്രകടമായിക്കണ്ടു.

വിചാരിച്ചിരുന്നതു് വെള്ളിയാഴ്ച വെളുപ്പാൻ കാലത്തു് കല്ക്കത്തയിൽ എത്തുമെന്നാണ്. ഏതാനും മാസങ്ങൾക്കു മുമ്പ് കളവായി വീട്ടുകാരെ തെററിദ്ധരിപ്പിച്ച അതേ ആളുകൾ ഇന്നു കാലാവസ്ഥയുടെ തകരാറുകൾ യാഥാർത്ഥ്യത്തിലൂടെ അനുഭവിക്കുകയാണ്. പെട്ടെന്നുണ്ടായ കാലാവസ്ഥയുടെ അസ്ഥിരാവസ്ഥ അപായംനിറഞ്ഞ ഒരന്തരീക്ഷം സൃഷ്ടിച്ചു. ഏതാനും മണിക്കൂറുകൾ വൈകിയാണ് വിമാനം കല്ക്കത്തയിൽ എത്തിയതു്.

സോമനേയും സുഹൃത്തുക്കളേയും വഹിച്ചുകൊണ്ടു ടാക്സി കാറുകൾ നീങ്ങി. എങ്ങോട്ടാണാവോ യാത്ര? കാറുകൾ എല്ലാം ഓൾഡ് കോർട്ട് ഹൌസ് സ്ട്രീററിൽ വന്നെത്തിക്കഴിഞ്ഞു. ഗ്രേററ് ഈസ്റ്റേൺ ഹോട്ടലിൻെറ ഗെയിററുകൾ കടന്നതോടു കൂടി ആ യാത്ര താല്ക്കാലികമായി അവസാനിച്ചു.

പുത്തൻ പരിവർത്തനങ്ങൾക്കു വേണ്ടി ഭാരതം ആവേശം പകർന്നെടുത്തതു് ബംഗാളിൽനിന്നാണ്. ഇന്നും ധീരതയുടെ പ്രതീകമാണ് ബംഗാൾ. അതേ, ബംഗാളിൻെറ തലസ്ഥാനത്തു് അതാ ഒരു കൂടിയാലോചന

നടക്കുകയാണ്. ഗ്രേററ് ഈസ്റ്റേൺ ഹോട്ടലിൻെറ മുകളിത്തട്ടിൽ സോമനും കൂട്ടാളികളും തലപുകഞ്ഞു ചർച്ചകൾ നടത്തി. ചെറിയാനു സാവിത്രിയെ ജീവിത സഖിയായി കിട്ടണം. രവീന്ദ്രൻ തൻെറ ജീവിത സ്വപ്നമായി സുലുവിനെ മനസാ സ്വീകരിച്ചു കഴിഞ്ഞുവത്രെ. സുശീല സോമൻെറ ഹൃദയേശ്വരിയും. പരസ്പരം ഏകീകരിക്കുന്നതിൽ ആരും ആരോടും എതിരല്ലായിരുന്നു.

സ്ഥിരീകരിക്കപ്പെട്ട തീരുമാനങ്ങൾ. പക്ഷെ, തീരുമാനങ്ങൾക്കും നിശ്ചയങ്ങൾക്കും നിയമസാധുത്വം അവക്കാവശ്യമാണ്. അതു നിർബന്ധവുമാണ്. അവരെ പെററുവളർത്തിയ കേരളം, ബംഗാളിനോടൊപ്പം പരിവർത്തനങ്ങൾക്കു വേണ്ടി ചോര ചിന്തിയ നാടാണ്. സാക്ഷരത്വത്തിൻെറ പേററില്ലമാണു കേരളം. കഴുകിപ്പോകാതെ കറപിടിച്ച രണ്ടുശാപങ്ങൾ ആ മഹാനാടിൻെറ വില താഴ്ത്തുന്നുണ്ട്. ജാതിയും മതവും. അതൊരു സത്യമാണ്, യാഥാർത്ഥ്യമാണ്. അതൊക്കെ അവക്കുമറിയാം. അതുതന്നെയാണ് കല്ക്കത്താപ്പട്ടണത്തെ തെരഞ്ഞെടുത്തതും.

കല്ക്കത്തയിലെ വിവിധ സംഘടനകളുമായി അവർ സമ്പക്കം പുലർത്തി നോക്കി. പത്രപ്രവത്തകരുമായി ചർച്ച നടത്തി. ജാതിയും മതവും ഇല്ലാത്ത കേരള മിശ്രവിവാഹസംഘവുമായി ഫോൺബന്ധം സ്ഥാപിച്ചുനോക്കി. എല്ലാവരും, സംഘടനകളും വ്യക്തികളും സർവ്വോപരി പത്രലോകവും സഹകരണം വാഗ്ദാനം ചെയ്തു. ഉത്തേജനം നൽകുന്ന വാഗ്ദാനങ്ങൾ. ഉണർവ്വും ഉന്മേഷവും കിളുത്തു പൊങ്ങുന്ന പരിസരങ്ങൾ. ആ സന്തതസഹചാരികൾ ഒന്നായിത്തീരുന്നതു കാണുവാൻ ധീരബംഗാൾ കൊതിച്ചു. മതവും ജാതിയുമില്ലാത്ത ഒരു

പുതിയ മനുഷ്യവർഗ്ഗത്തെ വാർത്തെടുക്കുന്ന മുഹൂർത്തം, അടുത്തടുത്തു് വരികയാണു്.

കല്ക്കത്ത മലയാളിസമാജ പ്രവർത്തകർ കാലമേ ഗ്രേററ് ഈസ്റ്റേൺ ഹോട്ടലിൽ എത്തിക്കഴിഞ്ഞു. ക്യാമറകളുമായി പത്രപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, ഉല്പതിഷ്ണുക്കൾ അങ്ങിനെ വിവിധ വിഭാഗക്കാർ തങ്ങളുടെ സഹകരണഹസ്തങ്ങളുമായി വന്നെത്തി. മികച്ച മിഴിവൊത്ത സദസ്സ്. അതാ അവരും വിദൂരതയിൽ നിന്നു് എത്തിക്കഴിഞ്ഞു. കേരള മിശ്രവിവാഹസംഘം സ്റ്റേററ് സെക്രട്ടറിയും സഹപ്രവർത്തകരും വന്നതോടുകൂടി ആ സദസ്സ് പൂർത്തിയായി.

പതിനൊന്നര മണിക്കു് ഹൌറാഡിസ്ത്രിക്ട് രജിസ്ത്രാർ അഹമ്മദ് ആസാദ് ഹോട്ടലിൽ എത്തി. അർത്ഥഗർഭമായി രംഗം വീക്ഷിച്ച ശേഷം അഹമ്മദ് ആസാദ് പുഞ്ചിരി തൂകി. സിവിൽ വിവാഹചട്ടമനുസരിച്ചു് അവർ വിവാഹിതരായി. നാളത്തെ തലമുറയ്ക്കു ഭാഗ്യരേഖകളെന്നോണം ജാതിയുടേയും മതത്തിൻേറയും ഭിത്തികൾ ഭേദിച്ച ആ ധീരദമ്പതികളെ അഭിനന്ദിച്ചു യോഗ്യരായ പലരും സംസാരിച്ചു. ഫോട്ടോ സഹിതം കല്ക്കത്താ പത്രങ്ങൾ ഈ സംഭവത്തിനു് പ്രസിദ്ധീകരണപ്രാധാന്യം നൽകി.

ഏതാനും ദിവസങ്ങൾ അവർ കല്ക്കത്തയിൽ വിശ്രമിച്ചു. അവരുടെ ഹണിമൂൺ ആഘോഷങ്ങൾ നടക്കുകയാണു്. ആ ഭാഗ്യം കല്ക്കത്തയ്ക്കാണു് ലഭിച്ചതു്. തങ്ങൾ ഇന്ന ദിവസം കൊച്ചിയിൽ എത്തുമെന്നു കാണിച്ചു വീട്ടുകാർക്കും ഇഷ്ടജനങ്ങൾക്കും കമ്പിസന്ദേശങ്ങൾ അയച്ചുകൊണ്ടാണു് സോമനും സംഘവും കല്ക്കത്ത വിട്ടതു്.

## എട്ട്

പത്രങ്ങളിലൂടെ കല്പത്താസംഭവങ്ങൾ കേരളക്കരയിലും ഒച്ചപ്പാടുണ്ടാക്കി. വിഷ്ണുനമ്പൂതിരിപ്പാട്ട് വിറകൊണ്ടു. അദ്ദേഹത്തിൻെറ ഹൃദയമിടിപ്പുകൾക്കു വേഗതകൂടി. മാനസി അന്തർജ്ജനം പൊട്ടിക്കരഞ്ഞു. ആലോചിക്കുന്തോറും തികട്ടിവരുന്ന വേദനകൾ. അവയുടെ പ്രേരണയാൽ അവർ ഒരു ഭ്രാന്തിയായി മാറിക്കഴിഞ്ഞു നിയന്ത്രിക്കാൻ ശ്രമിക്കുന്തോറും ഹൃദയത്തിൽ അള്ളിപ്പിടിക്കുന്ന പ്രതീതി. ശ്വാസോച്ഛ്വാസം നിലയ്ക്കുമോ എന്നു സംശയിച്ചു. സ്വസ്ഥത അടിയന്തിരാവശ്യമായിക്കഴിഞ്ഞു. ഭ്രാന്തനായിത്തീരാതിരിക്കാൻ വിഷ്ണുനമ്പൂതിരിപ്പാട്ട് ഗീതാപാരായണത്തിൽ മുഴുകി...

ഋഷികേശൻ നമ്പൂതിരി അന്നത്തെ പ്രധാന മലയാള ദിനപ്പത്രങ്ങൾ രഹസ്യമായി വാങ്ങി ശേഖരിച്ച് കോട്ടയ്ക്കകത്തുമനയിലേയ്ക്കു കടന്നു. വലിച്ചുനീട്ടി ഗീതാപാരായണം തുടരവേ ശിരസ്സൊന്നു് ഉയർത്തിനോക്കിയപ്പോൾ കണ്ടതു് കക്ഷത്തു് ഒരുകെട്ടു് കടലാസുമായി

വന്നെത്തിയ ഋഷികേശൻ നമ്പൂതിരിയെയാണ്. ദിന പത്രങ്ങളുടെ പേജുകൾ മറിച്ചു് ഒന്നേ നോക്കിയുള്ളു. രണ്ടാമതു് ഒരിക്കൽക്കൂടി നോക്കുവാൻ മനസ്സ് അനുവദിച്ചില്ല.

„ധിക്കാരം, കടുത്ത ധിക്കാരം.'' വിഷ്ണുനമ്പൂതിരിപ്പാടു ഉറക്കെ വിളിച്ചു പറഞ്ഞു.

„അപമാനം, അപകീർത്തി.'' ഋഷികേശൻ നമ്പൂതിരി പോരാത്തതു് പൂരിപ്പിച്ചു.

രണ്ടുപേരും മനയിലെ ഇരുട്ടുനിറഞ്ഞ മുറികളിലൊന്നിലേയ്ക്കു് ഇരിപ്പുമാററി.

„ചാതുർവർണ്യം മായാസൃഷ്ടം.'' കണ്ണിൽ വെള്ളം നിറച്ചു നിറുത്തിക്കൊണ്ടു് വിഷ്ണുനമ്പൂതിരിപ്പാട്ട് ഒരു വിശദീകരണത്തിന്നു തയ്യാറായി. „ഋഷികേശാ! ആ മഹത്തായ ഭഗവത് വചനം നമ്മുടെ കുട്ടികൾതന്നെ തട്ടിത്തകത്തല്ലൊ. പുറത്തിറങ്ങുവാൻ വയ്യാത്ത വിധം ചുററുപാടുകൾ ആകെ കലങ്ങിമറിഞ്ഞുകഴിഞ്ഞു. ഈ പത്രക്കാർക്ക് ഇതൊക്കെ അച്ചടിക്കും മുമ്പെ നമ്മോടു് ഒന്നു് ആലോചിച്ചിട്ടാകാമായിരുന്നില്ലേ? ഇവിടത്തെ കുടിയാന്മാരായ മൊയ്തീൻകുട്ടിയും പുലയൻ ഔസേപ്പുമൊക്കെ നമ്മളെ കാണുമ്പോൾ എന്തായിരിക്കും ഉള്ളിലെ തോന്നൽ? ശുദ്ധിവരുത്തിയാലും ശുദ്ധമാകാത്ത സംഭവം, ശുദ്ധിവരാത്ത.''

„കാട്ടുകയററിയവൻ മലയിടുക്കിൽ വീണു നശിക്കട്ടെ. എത്രയെണ്ണം ഇങ്ങനെ വീണുചാവുന്നു. പത്രക്കാരാണ് ഇതു പരത്തിയതു്. നമ്മുടെ പത്രമെന്നു് പറഞ്ഞിരുന്ന ആ പത്രവും ഈ വൃത്തികെട്ട വിശേഷങ്ങൾ ഫോട്ടോസഹിതം അല്ലേ അടിച്ചിറക്കിയിരിക്കുന്നതു്.

അവരുടെ നില ഇതായിരിക്കുമെങ്കിൽ നമുക്കു് ഇവിടെ എന്തു സ്ഥാനമാണു് ഉള്ളതു്?''

വിഷ്ണുനമ്പൂതിരിപ്പാട്ട പത്രങ്ങൾ വീണ്ടും തുറന്നുനോക്കി. ശരിയാണ്. കുട്ടികളുടെ ഫോട്ടോ പ്രസിദ്ധീകരിച്ചതു് കണ്ണുമിഴിച്ചുനോക്കി. അയാൾ പിറുപിറുത്തു. „എല്ലാം സഹിക്കാം. ജോനകത്തിയും നസ്രാണിയും നമ്മുടെ കുട്ടികളുമായി മുട്ടിമുട്ടി നിന്നുകൊണ്ടുള്ള ഈ പടങ്ങളൊക്കെ കത്തിച്ചുകളയണം. കത്തിച്ചു ഭസ്മമാക്കി പറപ്പിച്ചു കളയണം."

„രാജാക്കന്മാരെപ്പോലും ശാസിക്കാനും ശിക്ഷിക്കാനും അധികാരമുള്ള നമുക്ക് ഈ നിലവരുത്തിയതു് മറെറാന്നാണ് വിഷ്ണുവെ. ഇതൊക്കെ ഇങ്ങനെ വരുമെന്നു കാലമേ കണ്ടറിഞ്ഞവനാണ് ഞാൻ. എന്നു് ആധിക്കാരവചനങ്ങൾ പുറത്തുവന്നോ അന്നു തുടങ്ങിയതാണ് ഈ അശുദ്ധിയുടെ കരുനീക്കങ്ങൾ. ഒന്നാലോചിച്ചുനോക്കു. ബ്രഹ്മാവിൻെറ തിരുമുഖത്തുനിന്നു ഉണ്ടായവരല്ലേ നമ്മൾ. നശിപ്പിച്ചാലും നശിക്കാത്ത നാം ഇനിയും ജീവിക്കും."

ഋഷികേശൻ നമ്പൂതിരിയുടെ സംസാരത്തിൽ വിഷ്ണു പുളകംകൊണ്ടു. ബ്രഹ്മാവിൻെറ തിരുമുഖത്തുനിന്നു ജന്മമെടുത്തവരാണെന്ന പ്രയോഗപ്രഖ്യാപനമാണ് പുള്ളിക്കാരനെ സന്തോഷിപ്പിച്ചതു്. എന്നിട്ടും ഒരു സംശയം ബാക്കിവന്നു. പുള്ളിക്കാരൻ അതെടുത്തു ചോദിച്ചു. „ഋഷികേശാ; ഇതൊക്കെ ഇങ്ങനെ വരുമെന്നു് കാലമെ കണ്ടറിഞ്ഞവനാണെന്നു പറഞ്ഞുവല്ലോ. നേരത്തെ കണ്ടറിഞ്ഞതു് എങ്ങനെയാണ്. വേദത്തിൽ പറഞ്ഞിട്ടുണ്ടോ? ഭഗവത് വചനങ്ങളിൽ പറഞ്ഞിട്ടുണ്ടോ? എനിക്ക് മനസ്സിലാക്കുവാൻ വിഷമം തോന്നുന്നല്ലോ, വിഷമം."

ഋഷികേശൻ നമ്പൂതിരി ഒരു വിജ്ഞാനഭണ്ഡാകാരത്തിൻെറ മട്ടിൽ 'ഗമ' നടിച്ചു് സ്ഥിരം സ്വഭാവ

ങ്ങളിൽ ഒന്നായ വെററിലച്ചെല്ലത്തിന്മേൽ കൈവെച്ചു. മുറുക്കി ചുവപ്പിക്കുവാൻ സുഖംതോന്നി. എന്നിട്ട കക്ഷി ഒരു ഭേദഗതി അവതരിപ്പിച്ചു. "ശ്രീശങ്കരാചാര്യർ എന്നൊരാൾ ഉണ്ടായിരുന്നല്ലൊ മൂപ്പിലാൻെറ പേരിന്നു ഒരു മാററം ആവശ്യമായി വന്നിരിക്കുന്നു. "ആചാര്യൻ" എന്ന പദവി എടുത്തുകളയുകയാണ്. ആ പേരിനു ആങ്ങോരു് അഹ്നനല്ല. ശ്രീ ശങ്കരൻ എന്നു് വിളിച്ചാൽ മതിയാകും. എന്താ പോരെന്നുണ്ടോ?"

വിഷ്ണുനമ്പൂതിരിപ്പാട്ടു് അല്പം അന്ധാളിച്ചിരുന്നു. ആ പറഞ്ഞതു് അത്രയ്ക്കു രുചിക്കാത്ത മട്ടിൽ പറയുകയാണ്. "ശ്രീ ശങ്കരാചാര്യർ നമ്മുടെ ആളല്ലേ? അദ്ദേഹത്തെ ആചാര്യനെന്നു് വിശേഷിപ്പിക്കേണ്ടതുണ്ടു്. വേദാചാര്യന്മാരെ മാനിക്കേണ്ടതല്ലേ? വിവരം ഇല്ലാത്തവന്മാർ പറഞ്ഞാൽ നമുക്കു് തള്ളിക്കളയാം. ഋഷികേശൻ ഇങ്ങനെ പറയുമ്പോഴാണ് അത്ഭുതം."

ഋഷികേശൻ നമ്പൂതിരി വിട്ടില്ല. അദ്ദേഹം ഉറച്ച സ്വരത്തിൽ തുടൻു. വിഷ്ണു കുറെ വായിച്ച മട്ടിലായിരുന്നല്ലൊ. ഇപ്പോൾ എന്തുപററി? അങ്ങോരെ ആചാര്യനെന്നു് ഞാൻ പറയില്ല. ശ്രീ ശങ്കരനെന്നേ പറയൂ. അങ്ങോരാണ് ഈ കുഴപ്പത്തിൻെറ വിത്തു പാകിയതു്. മനുഷ്യനും ദൈവവും ഒന്നാണെന്ന അദ്വൈതം ആരാണ് പ്രചരിപ്പിച്ചതു്? നാസ്തികനായ ശ്രീ ശങ്കരൻെറ ഈ വചനം എന്നു പുറത്തുവന്നുവോ അന്നു തുടങ്ങിയതാണ് മനുഷ്യൻെറ ഈ കാട്ടുകയററം. അതുതന്നെയാണ് നേരത്തെ ഞാൻ പറഞ്ഞുനിറുത്തിയതും. ഇതൊക്കെ ഇങ്ങനെ വരുമെന്നു കണ്ടറിഞ്ഞവനാണ് ഞാൻ."

"വായിച്ചതിൽ പലതും മറന്നിരിക്കയാണ്. ഓർമ്മശക്തി വളരെ കുറഞ്ഞു. ഇപ്പോഴത്തെ നിലയിൽ അവശേഷിച്ച ശക്തിയും തകൻു. ഋഷികേശൻ പറഞ്ഞതു്

ശരിയാണ്. ശ്രീ ശങ്കരാചാര്യരെ ഇനി ശ്രീ ശങ്കരനെന്നേ വിളിക്കേണ്ടു. മനുഷ്യനും ദൈവവും ഒന്നാണെന്നു പറഞ്ഞാൽ എന്താ സ്ഥിതി? ഇളം തലമുറയും പിഴച്ചയാകുവാൻ ഇതിലേറെ വേണോ? ശ്രീ ശങ്കരൻ അങ്ങനെ പറഞ്ഞുവെച്ചു. വേറൊരാൾ ഉണ്ടായിരുന്നില്ലേ, ശ്രീ നാരായണഗുരു. അയാൾ പറഞ്ഞുപ്രചരിപ്പിച്ചിരുന്നതു് ഇതിലും വിചിത്രമായിരുന്നില്ലേ? മനുഷ്യനാണ് ദൈവം എന്ന അങ്ങോരുടെ പ്രഖ്യാപനം എത്രയെണ്ണത്തിനെ തല കറക്കിവിട്ടു? ജാതിയും മതവും വേദവും കളിക്കോപ്പുകളാക്കി മാററുവാൻ ജന്മമെടുത്ത രണ്ടെണ്ണമാണ് ശ്രീ ശങ്കരനും ശ്രീ നാരായണഗുരുവും.''

‚‚അതിലും എനിക്ക് എതിർപ്പുണ്ട്. ‚‚ഗുരു'' എന്നതിൻെറ അർത്ഥം മനസ്സിലാക്കിവേണം പ്രയോഗിക്കുവാൻ. ഷോഡസ്വാമി ഗുരു ആകുന്നതു് എങ്ങനെ? ശ്രീ നാരായണൻ എന്നു പറഞ്ഞാൻ മതി. ശ്രീ ശങ്കരനു് ഒരു കൂട്ടാളിയായി നില്ക്കട്ടെ. അവർ രണ്ടുപേരും ഇറക്കിവിട്ട ദൈവദോഷം നിറഞ്ഞ വചനങ്ങളുടെ പ്രത്യാഘാതങ്ങളാണ് ഇന്നു നമ്മുടെ കുട്ടികളേയും കാടുകയററിയതു്...''

‚‚ശ്രീ ശങ്കരനു് കൂട്ടാളിയായി നില്ക്കട്ടെ എന്നു പറഞ്ഞുവല്ലോ. അങ്ങോര് വേറൊന്നു പ്രചരിപ്പിച്ചിരുന്നു. ക്ഷേത്രങ്ങളും ദേവാലയങ്ങളും വിദ്യാലയങ്ങളായി മാററണമെന്നു പ്രഖ്യാപിച്ച ആളാണ് ശ്രീ നാരായണൻ. അഥവാ നമ്മുടെ പുണ്യക്ഷേത്രങ്ങളെല്ലാം പള്ളിക്കൂടങ്ങളായിമാററുമെന്നുസാരം. നടക്കാത്ത കാര്യം''.

ഋഷികേശൻ നമ്പൂതിരി വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ടു് മറെറാരു സംഗതി വിളംബരം ചെയ്തു. ‚‚വിഷ്ണുവേ! നമ്മുടെ രവീന്ദ്രനും സോമനും സാവിത്രിയും ശൂദ്രസ്ത്രീയിൽ ജനിച്ചവരല്ലല്ലോ. അങ്ങനെ എങ്കിൽ,

ഇത്രയും മനോദുഃഖം അനുഭവിക്കേണ്ടി വരില്ലായിരുന്നു. സ്വന്തം കുലത്തിൽ കരു വീണ് ജന്മമെടുത്തവരല്ലേ നമ്മുടെ കുഞ്ഞുങ്ങൾ. അതോക്കുമ്പോൾ ഹൃദയം നീറുകയാണ്… …''

ആ കാര്യത്തിൽ മാനസി അന്തർജ്ജനത്തിനു് എതിർപ്പും പ്രതിഷേധവുമുണ്ട്. രംഗത്തു പ്രത്യക്ഷപ്പെട്ട മാനസി മുഖം നോക്കാതെ പറഞ്ഞു.'' ശൂദ്രസ്ത്രീ ആയാലും ബീജം നമ്പൂതിരിയുടേതല്ലാതെ വരുമോ?''

സംസാരം ആർക്കും രസിച്ചില്ല. അവർ വിഷ്ണുനമ്പൂതിരിപ്പാടിന്റെ സമീപം കിടന്നിരുന്ന പത്രങ്ങളെല്ലാം കയ്യിലെടുത്തു് അകത്തേയ്ക്കു കടന്നു.

''വെറുക്കപ്പെട്ട ആ പത്രങ്ങളൊക്കെ കത്തിച്ചു കളഞ്ഞോളൂ. ചാരം ആ ചാണകക്കുഴിയിലും.'' ആരോ ഉറക്കെവിളിച്ചു പറഞ്ഞു.

പുറകുവശത്തെ വരാന്തയിലിരുന്നു് അന്തർജ്ജനം പത്രങ്ങൾ ഓരോന്നും തുറന്നുനോക്കി. വടിവും മിഴിവുമൊത്ത സ്വന്തം മക്കളുടെ ഫോട്ടോകൾ നോക്കി അവർ തൃപ്തിയടഞ്ഞു. അഭിമാനത്തിന്റെ നേരിയ രേഖകൾ മുഖത്തു കാണാമായിരുന്നു. എന്നിട്ടും അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. പത്രങ്ങളെല്ലാം സ്വന്തം പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചു.

Jawahar Balbhavan & Children's Library
KOTTAYAM.

## ഒമ്പതു്

സോമനും സംഘവും കൊച്ചിയിൽ എത്തുമ്പോൾ അവരെ സ്വീകരിക്കുവാൻ നാട്ടിൽനിന്നു സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമായി പലരും വിമാനത്താവളത്തിലേക്കു പോയിരുന്നു. ഈ വിവരങ്ങളെല്ലാം ഗ്രഹിച്ച ഋഷികേശൻ നമ്പൂതിരി രാവിലത്തെ കുളിയും ജപവും കഴിഞ്ഞു കോട്ടയ്ക്കകത്തു മനയിൽ എത്തിയിരിക്കയാണു്. വിചാരവികാരങ്ങളുടെ സമ്മർദ്ദം രണ്ടുപേരേയും ഇളക്കിമറിച്ചു. കൈയേററം, കൊല, കൊള്ളിവയ്പു് തുടങ്ങിയ പൈശാചികത തിരുമേനിമാരെ വലയം ചെയ്തു.

രണ്ടുപേരും ചേർന്നു കുപ്പക്കുഴികളിൽ ഇറങ്ങി ചപ്പും ചവറും വലിച്ചുവാരി മനവളപ്പിലെ തെക്കേ കോണിൽ കുന്നുകൂട്ടി. വയ്ക്കോൽകൊണ്ടു മൂന്നു പ്രതിമകൾ ഉണ്ടാക്കുന്ന തിരക്കിൽപ്പെട്ടു കണ്ടു. രവീന്ദ്രനും സോമനും സാവിത്രിയുമാണു് സങ്കൽപവസ്തുക്കൾ.

പ്രതിമകളുടെ പണി പൂർത്തിയാക്കി മാററിവച്ചു. ചപ്പും ചവറും കൂട്ടിക്കലർത്തി ഏതാണ്ട് രണ്ടുകോൽപൊക്കവും മൂന്നുകോൽ വീതിയും നാലു കോൽ നീളവുംവരുന്ന ഒരു ചിത ശരിയാക്കിയതോടുകൂടി ഉള്ളിലെ ഉദ്ദേശം ഏതാണ്ട നിർവഹിച്ച ഒരാശ്വാസഭാവം രണ്ടുപേരുടേയും മുഖത്ത് പ്രത്യക്ഷപ്പെട്ടു. പണി നിറുത്തിയിട്ടില്ല. ഇനിയുമുണ്ട് ചിലത്. പഴയ ഇരുമ്പുകഷണങ്ങൾ, ആണി, കരിക്കട്ട ഇത്രയും സാധനങ്ങൾ ശേഖരിച്ചു. കുളിമുറിയുടെ പുറകിൽനിന്നു് കുറെമുടിയും പഴകി അശുദ്ധമായ തുണികളും തിരഞ്ഞെടുത്തു. എല്ലാം ചിതയുടെ തലഭാഗത്തു സ്ഥാപിച്ചു. സങ്കല്പപ്രതിമകൾ തല തെക്കോട്ടു തിരിച്ചു കിടത്തി. ഇത്രയും പണി ചെയ്തുതീർന്നപ്പോൾ വിഷ്ണുനമ്പൂതിരിപ്പാടും സഹപ്രവത്തകനും വിയത്തൊലിച്ച് മട്ടിൽ എത്തിയിരുന്നു. രണ്ടുപേരും മനയുടെ മുൻഭാഗത്തു് എത്തിക്കഴിഞ്ഞു. നീളത്തിൽ വീതി കുറഞ്ഞ രണ്ടു വടികളുടെ അഗ്രത്തിൽ തുണി ചുററി പന്തം ഉണ്ടാക്കുകയാണു്. വലിയ പന്തങ്ങൾ, വലുതു്. എണ്ണയും നെയ്യും ഒഴിച്ചു ശരിപ്പെടുത്തിയതോടു കൂടി പ്രവത്തനങ്ങൾ പൂർത്തിയായി.

കല്ക്കത്ത വിട്ട സോമനും പാർട്ടിയും കൊച്ചി വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ വമ്പിച്ച ഒരു സുഹൃൽസംഘം അവരെ സ്വീകരിച്ചു. മുണ്ടക്കയത്തുനിന്നു് ചെറിയാൻെറ വാത്സല്യപിതാവു് ജോർജ്ജ് ജോസഫും പത്നി ചിന്നമ്മയും വിമാനത്താവളത്തിൽ എത്തിയിരുന്നു. ആദ്യമായി ചെറിയാൻെറ ശിരസ്സിൽ കൈവെച്ചു് അനുഗ്രഹാശിസ്സുകൾ നേന്നു് ആ പിതാവായിരുന്നു. സാവിത്രിയെ ആ അമ്മ കെട്ടിപ്പിടിച്ചു പുണന്നു. ആനന്ദാശ്രുക്കൾ മുത്തുമണികളായി മാറിയിരിക്കയാണു്. സോമനേയും സുശീലയേയും അരികെ

നിറുത്തി മധുരഭാഷണം നടത്തുന്ന തിരക്കിലാണ് ചിന്നമ്മ.

രവീന്ദ്രൻേറയും സോമൻേറയും ബന്ധുജനങ്ങൾ ആരുംതന്നെ വന്നെത്തിയില്ല. സുലുവിനെ സംബന്ധിച്ചിടത്തോളം ഒരു നിസ്സഹകരണംപരായ പ്രകടമായി കണ്ടു. മാഹിയിൽനിന്ന് അവളെ സംബന്ധിച്ച ഒരാൾപോലും എത്തിയില്ല എന്നതു് പലരിലും അത്ഭുതമുളവാക്കി. കരയാത്ത ആ കണ്ണുകൾ നനഞ്ഞു. ഈ അവസരത്തിലാണ് ഒരു കാർ ഇരമ്പിപ്പാഞ്ഞെത്തിയതു്. ജനങ്ങളുടെ ശ്രദ്ധ അങ്ങോട്ടാകർഷിച്ചു. അറുപതു കഴിഞ്ഞ ഒരു തടിച്ച മനുഷ്യൻ കാറിൽനിന്ന് ഇറങ്ങി.

"മോളേ, സുലേഖാ!" ആ തടിച്ച മനുഷ്യൻ സുലുവിൻെറ അടുക്കലേക്ക നടന്നടുത്തു.

"എൻെറ ബാപ്പാ, എ...ൻെറ..." സുലുവിൻെറ അധരങ്ങൾ വിറയ്ക്കുകയാണ്.

സ്നേഹനിധിയായ ആ പിതാവു് സുലുവിൻേറയും രവീന്ദ്രൻേറയും തോളുകളിൽ കൈവെച്ചു പറഞ്ഞു: "മക്കളേ! നിങ്ങൾ മററുള്ളവർക്ക് മാതൃകകളായി, മാനമുള്ളവരായി തീരട്ടെ."

ബഹളമയമായ അന്തരീക്ഷം. ഏതാനും മിനിററുകൾ നിശ്ശബ്ദമായി. അത്ഥഗർഭമായ നിശ്ശബ്ദത.

സുഹൃത്തുക്കൾ പിരിഞ്ഞു.

ജോർജ്ജ് ജോസഫിൻെറ ക്ഷണപ്രകാരം എല്ലാവരും മലബാർ ഹോട്ടലിലേയ്ക്കു യാത്രതിരിച്ചു. ഹോട്ടലിൻെറ രണ്ടാംനിലയിൽ വടക്കുപടിഞ്ഞാറെ മുറിയിലാണ് അവർ എത്തിയിട്ടുള്ളതു്. അറബിക്കടലിൻെറ റാണിയായ കൊച്ചി–തുറമുഖപരിസരങ്ങൾ, അതിഥികളിൽ നവോന്മേഷം മതിവരോളം പകൻകൊടുത്തു.

സുലുവിൻെറ പിതാവു് സിക്കന്തർസാഹിബ്ബം ജോർജ്ജ് ജോസഫുമായി ദീർഘനേരം സംസാരിക്കയുണ്ടായി...

രവീന്ദ്രനേയും സോമനേയും വിളിച്ചതു് ജോർജ്ജ് ജോസഫാണു്. അദ്ദേഹം ഉപദേശരൂപത്തിൽ പറഞ്ഞു. ‘‘നിങ്ങൾ രണ്ടുപേരും ഭാര്യമാരുമൊത്തു് സ്വന്തം വീടുകളിലേക്ക പോകുക. ഒന്നുകൊണ്ടും വിഷമിക്കേണ്ടതില്ല. ഞങ്ങൾ ഇവിടെ ക്യാമ്പുചെയ്യുന്നുണ്ടു്.’’

പുതിയ ജീവൻ ലഭിച്ചപോലെ തോന്നി. രവീന്ദ്രൻ സുലു, സോമൻ സുശീല എന്നിവർ നിർദ്ദേശപ്രകാരം സ്വന്തം വീടുകളിലേക്ക തിരിച്ചു. എന്തെന്തു പ്രതികരണങ്ങൾ ഉണ്ടായില്ല? നവോന്മേഷങ്ങളെല്ലാം പമ്പകടന്നു. ഹൃദയത്തിൽ ഒരായിരം തീപിടിച്ച ചിന്തകൾ പുകതുപ്പി നടക്കുകയാണു്.

കോട്ടയ്ക്കകത്തു മനയുടെ പടിക്കൽ രണ്ടു കാറുകൾ വന്നെത്തി. രവീന്ദ്രനും സുലുവും പുറത്തിറങ്ങിയില്ല. സോമൻ സുശീലയുമായി മനയിലേക്ക കടന്നു. അപകടം നിറഞ്ഞ അന്തരീക്ഷം. മരണം തുടങ്ങി ചിതവരെയുള്ള മാരകപ്രേരണകൾ പതിയിരിക്കുന്നപോലെ തോന്നി.

‘‘ഋഷികേശാ! കൊളുത്തു് തീ, തീ.’’ വിഷ്ണുനമ്പൂതിരിപ്പാടു് അട്ടഹസിച്ചുകൊണ്ടു സോമൻെറ നേർക്ക തിരിഞ്ഞു. ‘‘എടാ, നീ എൻെറ മകനല്ല. പുറത്തു പോകൂ, പുറത്തു്. മനയിലെ ബന്ധം അവസാനിച്ചു, എല്ലാ ബന്ധങ്ങളും അവസാനിച്ചു.’’

തീപ്പന്തങ്ങളുമായി തിരുമേനിമാർ നടന്നടുത്തപ്പോൾ, സോമനും സുശീലയും കാറിൻെറ അടുക്കലേക്ക നീങ്ങിനിന്നു.

‘‘എടാ, അതിർത്തി ഇല്ലാത്തതായി ഒന്നുമില്ല. കടലിനും കരയ്ക്കുമുണ്ടു്. മതത്തിനും വേദത്തിനുമുണ്ടു്.

അതിത്തിയില്ലാത്ത ധിക്കാരികൾക്ക് ഇതിനകത്തു പ്രവേശനമില്ല; അതിത്തി ഇല്ലാത്തവന്മാർ ചൈനയിൽ പോയി ചത്തോളു, ചൈനയിൽ. കടന്നുപോകൂ, കൺമുമ്പിൽ കാണരുത്'' വിഷ്ണുനമ്പൂതിരി വീണ്ടും വീണ്ടും ക്ഷോഭിച്ചു. അലറുന്ന അട്ടഹാസങ്ങളുടെ വിശ്വരൂപം പൂണ്ടിരിക്കയാണ് ആ മനുഷ്യൻ.

കത്തുന്ന പന്തങ്ങൾ വഹിച്ച ആ ആഢ്യന്മാർ മനയുടെ പടിപ്പുരവാതിൽ കടന്നു. മറെറാരു കാറിൽ രവീന്ദ്രനും സുലുവും ഇരിക്കുന്നതായി കണ്ടപ്പോൾ ഋഷികേശൻ നമ്പൂതിരിയുടെ കണ്ണുകൾ ചുവന്നു; നഖശിഖാന്തം ഒരു വിറയൽ. തിരുമേനി, തീപ്പന്തം പൊക്കിപ്പിടിച്ച് അലറിത്തുടങ്ങി. ‹‹ക്ഷിതി നശിപ്പിക്കുവാൻ പിറന്ന വാൽനക്ഷത്രമാണെടാ നീ. നിൻെറ ചിത കോട്ടയ്ക്കകത്തുമനയുടെ തെക്കേ കോണിലുണ്ട്. മാറിപ്പോകൂ, ദൂരെ മാറി.''

മാനസി അന്തർജ്ജനം കണ്ണീർക്കണങ്ങളുമായി ആ മകൻെറ അടുക്കലേക്ക് ഓടിവരുകയാണ്. പെററ മകനെ ഒരു കണ്ണു കാണുവാൻ കൊതിച്ചതിൽ തെററായി ഒന്നുമില്ല. മകനെ കെട്ടിപ്പിടിച്ചു പൊട്ടിക്കരയുവാൻ ആ മാതൃഹൃദയം വെമ്പൽകൊണ്ടു. പക്ഷെ, വേദാചാരം തടഞ്ഞു ... ... ...

സോമനും രവീന്ദ്രനും ഒരക്ഷരം മിണ്ടിയില്ല. പേടിച്ച് അനങ്ങാതിരുന്നതല്ല; ‹‹പിതാവ്'' എന്ന ത്ര്യക്ഷരി മാനിക്കേണ്ടതുണ്ട്, അത്രമാത്രം. ആ കാറുകൾ നീങ്ങി, ഓടിമറഞ്ഞു.

ബാഷ്പപ്രവാഹം തടഞ്ഞു നോക്കി, നിന്നില്ല. മാനസി അന്തർജ്ജനം മനയുടെ ഉള്ളറകളിലേക്കു കടന്നു. സൂക്ഷിക്കപ്പെട്ട പത്രക്കെട്ടെടുത്ത് കുട്ടികളുടെ ഫോട്ടോ

പ്രസിദ്ധീകരിച്ചിട്ടുള്ള പേജുകൾ മതിവരോളംനോക്കി, കണ്ണുനീർ വാർത്തു.

അടങ്ങാത്ത രോഷം ആളിക്കത്തുകയാണ്. വിഷ്ണു നമ്പൂതിരിപ്പാട്ടും ഋഷികേശൻ നമ്പൂതിരിയും തീപ്പന്തങ്ങളുമായി തെക്കേക്കോണിലേക്ക് ഓടിയടുത്തു. ചിതയ്ക്കു തീ കൊളുത്തി. സങ്കല്പപ്രതിമകൾ കത്തിയെരിഞ്ഞു. എന്നിട്ടും സ്വസ്ഥരായിക്കണ്ടില്ല.

"ദുഃഖിക്കുവാൻ പിറന്നവളാണ് ഞാൻ. എല്ലാം കത്തിച്ചു ചാമ്പലാക്കിക്കോളൂ, വിരോധമില്ല. എൻെറ മക്കളുടെ ആത്മാവ് ഒന്നു തണുത്തോട്ടെ. ഒരു ഇളനീരിൻെറ വെള്ളമെങ്കിലും അവിടെ തളിച്ചോളണമെ..." മാനസി അന്തർജ്ജനം ഹൃദയം പിളക്കുമാറ് വിലപിച്ചു. ഒരു അമ്മയുടെ ഹൃദയഭേദകമായ അഭ്യർത്ഥന.

അന്തർജ്ജനത്തിൻെറ അപേക്ഷ, വിഷ്ണുനമ്പൂതിരിപ്പാടിനെ കൂടുതൽ കുപിതനാക്കി. അദ്ദേഹം കുട്ടാളിയോടു തറപ്പിച്ചു പറഞ്ഞു. "അവൻേറയും അവളുടേയും ആത്മാക്കൾ വെന്തു നീറി സഞ്ചരിച്ചുകൊണ്ടിരിക്കണം. ഒരിടത്തും സ്വസ്ഥത കിട്ടരുത്. എവിടെയും അറപ്പും വെറുപ്പും അനുഭവപ്പെടണം. ഇഹത്തിലും പരത്തിലും രക്ഷപെടരുത്."

"ഭഗവൽസമക്ഷം ഇവൻെറയൊക്കെ ആത്മാവ് എത്തിച്ചേരുവാൻ ഇനി പ്രതിവിധിയില്ല. പ്രതിവിധി ഉണ്ടാകരുതെന്നു കരുതിത്തന്നെയാണ് മുടിയും അശുദ്ധവസ്തുക്കളും ചിതയിൽ തിരുകിവെച്ചിരുന്നതു്. ലണ്ടനിൽ ഇവന്മാരൊക്കെ താമസിച്ചിരുന്ന പരിസരങ്ങളിൽ അലഞ്ഞു തിരിയട്ടെ ക്ഷുദ്രാത്മാക്കൾ. ഗതി കിട്ടാതെ ഒരു തുള്ളി വെള്ളത്തിനു വേണ്ടി ദാഹിച്ചു പൊരിഞ്ഞു്, നരകിച്ചു നരകിച്ചു് ഓടിനടക്കട്ടെ." ഋഷികേശൻനമ്പൂതിരിയുടെ മുഖഭാവം മാറി. കണ്ണുകൾ കലങ്ങി

മറിഞ്ഞു. ഇടറിയ സ്വരത്തിൽ പറയുകയാണു്: "വിഷ്ണുവേ, പതിനായിരക്കണക്കിനു ചിലവഴിച്ച പണം പാഴായല്ലോ, പണം."

"പോയതു പോകട്ടെ. പണം ഇനിയും വന്നു ചേരും. ചണ്ഡാളനുള്ളതു് വീതംവെച്ചു. അത്രേ കരുതേണ്ടൂ." പണത്തെപ്പററി അങ്ങിനെ പറഞ്ഞുവെങ്കിലും അതു പറയുമ്പോഠം വിഷ്ണുനമ്പൂതിരിപ്പാടിൻെറ ചങ്കൊന്നു പിടച്ചു.

പ്രതികാരാഗ്നി കെട്ടടങ്ങുന്നില്ല. നിർദ്ദേശപ്രകാരം ഋഷികേശൻനമ്പൂതിരി കോട്ടയ്ക്കകത്തു മനയുടെ പടിപ്പുരവാതിൽക്കൽ കറുത്ത കൊടി ഉയർത്തിക്കെട്ടി. വാലായ്മയുടെ സൂചന, പ്രതിഷേധത്തിൻെറ കൊടിക്കൂറ.

# പത്ത്

നവദമ്പതികൾ മലബാർ ഹോട്ടലിൽ തിരിച്ചെത്തി. കോട്ടയ്ക്കകത്തുമനയിൽ തങ്ങൾക്കു ലഭിച്ച സ്വീകരണച്ചടങ്ങുകളുടെ സ്വഭാവവിശേഷം അറിഞ്ഞ് ജോർജ്ജ്ജോസഫ് വന്നചിരി അടക്കി പറഞ്ഞു. "നിങ്ങളുടെ പ്രവൃത്തി അവൾക്ക് നിരക്കാത്തതായി തീർന്നിട്ടുണ്ട്.

അവരുടെ വിശ്വാസങ്ങൾക്ക് എതിരായുള്ള നിങ്ങളുടെ വിശ്വാസത്തെ എതിർത്തു എന്നതാണ് സംഭവിച്ചത്. ഏതായാലും വിഷമിക്കേണ്ടതില്ല. സങ്കരവിവാഹങ്ങളിൽ ഇങ്ങനെയുള്ള സംഭവവികാസങ്ങൾ ഉണ്ടാകാറുണ്ട്."

മിസിസ്സ് ജോർജ്ജ് ജോസഫിന്റെ സാന്നിദ്ധ്യത്തിൽ സുശീലാസാവിത്രിമാരും മററും ഹോട്ടൽ പാർക്കിലേയ്ക്ക് ഒരു ഉല്ലാസയാത്രയ്ക്ക് ഇറങ്ങിയിരിക്കയാണ്. വേദനകൾ പാറന്നകലുന്ന പരിസരം. എന്നല്ല, കണ്ണ

ഞ്ചിക്കുന്ന സുന്ദരമായ കാഴ്ചകൾ അവിടെ വേണ്ടുവോള മുണ്ട്.

സിക്കന്തർ സാഹിബ്ബുമായി ജോർജ്ജ് ജോസഫ് വസ്തുതകളെപ്പററി വീണ്ടും ആലോചന നടത്തുകയാണ്. രവീന്ദ്രൻേറയും സോമൻേറയും വീട്ടുകളുമായി അകലുകയല്ല അവരുടെ ലക്ഷ്യം. പരസ്പരം ബന്ധവും സമ്പർക്കവും നിലനിർത്തുവാനുള്ള ഉപാധികളാണ് സംസാരവിഷയം. സാവധാനത്തിൽ അതൊക്കെ കൈവരുത്താമെന്ന് സ്വയം തീരുമാനിക്കമാത്രമേ അപ്പോൾ ചെയ്തുള്ളു. അന്ന് സന്ധ്യയോടുകൂടി ജോർജ്ജ് ജോസഫും കുടുംബാംഗങ്ങളും മുണ്ടക്കയത്തേയ്ക്കു യാത്രയായി.

രവീന്ദ്രനേയും സുലുവിനേയും സിക്കന്തർ സാഹിബ് മാഹിയിലേയ്ക്കും കൊണ്ടുപോയി. സന്തോഷം നിറഞ്ഞ വേർപാട്. എന്നിട്ടും പലരുടേയും കണ്ണുകൾ കലങ്ങിമറിഞ്ഞു.

സാംസ്കാരിക രംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന മുണ്ടക്കയത്തെ ജനത വധൂവരന്മാരെ തികഞ്ഞ അന്തസ്സോടുകൂടി സ്വാഗതം ചെയ്തു. അനുമോദനയോഗങ്ങൾ വിളിച്ചുകൂട്ടി. നവദമ്പതികളെ ബഹുമാനിക്കുന്നതിൽ അവിടത്തുകാർ കാട്ടിയ ഔത്സുക്യം കണക്കിലെടുക്കേണ്ടതുണ്ട്. മതത്തിൻേറയും ജാതിയുടേയും അനുഗ്രഹാശിസ്സുകൾക്ക കാത്തുനില്ക്കാതെ അനുയോജ്യരായവർ പരസ്പരം ഒന്നിക്കുന്നതിൻെറ മഹത്വം വിശദമാക്കി പലരും സംസാരിച്ചു. അങ്ങനെ എല്ലാവരാലും അവർ ആദരിക്കപ്പെട്ടവരായി.

മാഹിയിലെ സ്ഥിതി ഗാംഭീര്യം നിറഞ്ഞതായിരുന്നു. സുലുവിനേയും രവീന്ദ്രനേയും ആദ്യമായി അനുമോദിച്ചു സ്വീകരിച്ചത് മാഹി മുസ്ലിം സംഘമാണ്.

ക്ഷോഭവും വൈരാഗ്യവും ഒരിടത്തും കണ്ടില്ല. മതത്തിൻെറ പേരിൽ ചോരചിന്തുവാൻ അവിടത്തുകാർക്ക് സമയം ഇല്ലായിരുന്നു. യോഗ്യനായ ഒരു പണ്ഡിതനെന്ന നിലയിൽ ജനസമ്മതനായ ശ്രീ മൌലവിയുടെ ആശംസാപ്രസംഗം ശ്രദ്ധേയമായിരുന്നു. "......ഇസ്ലാം സ്നേഹത്തിൻെറ മതമാണ്. ഒരു സ്ത്രീയുടെ യാഥാർത്ഥ്യവും അവസാനത്തേതുമായ ആഗ്രഹം പുരുഷൻ മാനിക്കേണ്ടതുണ്ടെന്ന് അദ്ദേഹം സമർത്ഥിച്ചു. അസ്വാസ്ഥ്യങ്ങളും കലാപങ്ങളും ഉണ്ടാക്കുന്നത് കൊലപാതകത്തേക്കാൾ നീചമാണെന്ന വേദവചനം ഉദ്ധരിച്ചപ്പോൾ സദസ്സിൽ ഹർഷാരവം മുഴങ്ങി. മനുഷ്യന് ദൈവദത്തമായ അവകാശമാണ് സ്വാതന്ത്ര്യമെന്ന ഉദ്ധരണിയോടുകൂടിയാണ് മൌലവി സംസാരം ഉപസംഹരിച്ചത്."

ഹിന്ദു–മുസ്ലിം സിന്ദാബാദ് വിളികൾ ഏകസ്വരത്തിൽ ഉയർന്നുകേട്ടു. ഇത്രയേറെ ആദരിക്കപ്പെട്ട രംഗവിശേഷം മാഹിയിൽ ഉണ്ടായിട്ടില്ലത്രെ.

ആഴ്ചകൾ ഒന്നുരണ്ടു കഴിഞ്ഞു.

മുണ്ടക്കയം പാർട്ടി മാഹിയിൽ എത്തിയിരിക്കയാണ്. സിക്കന്തർ സാഹിബ്ബിൻെറ ക്ഷണപ്രകാരം എത്തിയ നവാഗതരെ യഥോചിതം സ്വീകരിക്കുന്നതിൽ മാഹിജനത മുന്നോട്ടുവന്നു. ഹിന്ദു–മുസ്ലിം–ക്രൈസ്തവ ഐക്യം സിന്ദാബാദ് വിളികൾ അന്തരീക്ഷത്തെ മുഖരിതമാക്കി. പത്രങ്ങൾ വീണ്ടും കല്പത്താമിശ്രവിവാഹത്തിൻെറ മറെറാരു പ്രതിധ്വനിയെന്നോണം അനുമോദന വാർത്തകൾക്കു പ്രാധാന്യം നല്കി.

ജോർജ്ജ് ജോസഫും വെറുതെ ഇരുന്നില്ല. സുലുവിനേയും രവീന്ദ്രനേയും ക്ഷണിച്ചുവരുത്തി മാനമായ

സ്വീകരണം നല്കി ബഹുമാനിക്കാതിരുന്നില്ല. അങ്ങിനെ, സന്തോഷവും സംതൃപ്തിയും നിറഞ്ഞ ജീവിതനൌകയിൽ ആദർശശാലികളായ ആ നവമിഥുനങ്ങൾ വിഹരിക്കയാണു്.

ഇതിനിടയിൽ ജോർജ്ജ്ജോസഫിൻെറ ഒരു കമ്പിസന്ദേശം സിക്കന്തർ സാഹിബിനു കിട്ടി. കഴിയുന്നതും വേഗം മലബാർ ഹോട്ടലിൽ എത്തണമെന്നായിരുന്നു ഉള്ളടക്കം.

മുണ്ടക്കയം രണ്ടാംക്ലാസ് മജിസ്ത്രേട്ടായി ഒരു വാമനൻനമ്പൂതിരിയാണു് പുതിയതായി എത്തിയിട്ടുള്ളതു്. അദ്ദേഹം ചങ്ങനാശ്ശേരിയിൽ നിന്നു് സ്ഥലം മാറി വന്നിരിക്കയാണു്. ജോർജ്ജ്ജോസഫ് അടുത്ത ദിവസമാണു് വാമനൻനമ്പൂതിരിയുമായി പരിചയപ്പെട്ടതു്. അദ്ദേഹം മതരംഗത്തു കോളിളക്കങ്ങൾ സൃഷ്ടിച്ചിട്ടുള്ള ആളാണത്രെ. പുള്ളിക്കാരൻ മിശ്രവിവാഹിതനാണു്. ഭാര്യ ഒരു തീയ്യസ്ത്രീയാണു്. എന്നല്ല, തൻെറ മൂത്ത മകൾക്കു ഭർത്താവായി നാഗർകോവിലിലെ ഒരു തമിഴ് ക്രൈസ്തവ അഭിഭാഷകനെയാണു് തിരഞ്ഞെടുത്തതു്. ആരേയും വകവെയ്ക്കാത്ത പ്രകൃതം. എല്ലാവരോടും സ്നേഹമായി പെരുമാറുന്ന സവിശേഷതയുമുണ്ടു്. ഇപ്പോഴും ജാതിമതവലയങ്ങളെ ഭേദിക്കുന്നതിൽ വാമനൻനമ്പൂതിരി കൂടുതൽ ഉൽസുകനാണു്.

സുശീലാ സാവിത്രിമാരെ അനുമോദിച്ചുകൊണ്ടുള്ള മുണ്ടക്കയത്തെ ആഘോഷങ്ങളും മററും വാമനൻനമ്പൂതിരിയെ ആകർഷിച്ചിരുന്ന വിവരം പിന്നീടാണു വെളിവായതു്. സംസാരമദ്ധ്യേ, കോട്ടയ്ക്കകത്തു മനക്കാരുടെയും ഋഷികേശൻനമ്പൂതിരിയുടെയും നിലപാടു് ജോർജ്ജ്ജോസഫ് വ്യക്തമാക്കിക്കൊടുത്തു. ഒരു ഒത്തു

തീർപ്പിനു കളമൊരുക്കുവാനുള്ള ശ്രമത്തിൽ, തന്റെ കഴിവുകൾ പരിമിതമെങ്കിലും വേണ്ടതു ചെയ്യാമെന്നു് വാമനൻനമ്പൂതിരി ഏററു പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരും മലബാർ ഹോട്ടലിൽ എത്തിയിരിക്കയാണു്.

മാഹിയിൽനിന്നു് സിക്കന്തർ സാഹിബ് പുറപ്പെട്ടതായി വിവരം ലഭിച്ചിരുന്നു. പക്ഷെ, പ്രതീക്ഷിച്ചപോലെ എത്തിച്ചേർന്നില്ല. ഏതാനും മണിക്കൂറുകൾ വൈകിയാണു് വന്നെത്തിയതു്. കൂടെ ശ്രീ. മൌലവിയും ഉണ്ടായിരുന്നു. താമസത്തിന്റെ കാരണം അവർ വ്യക്തമാക്കി. കോഴിക്കോട്ടെത്തിയപ്പോൾ സമയം വൈകിയിരുന്നത്രെ. "അളകാപുരി"യിൽ അല്പം വിശ്രമിക്കേണ്ടിവന്നു. സിക്കന്തർ സാഹിബും മൌലവിയും അളകാപുരിയിൽ എത്തിയ വിവരം എങ്ങിനെയോ ചില തല്പരകക്ഷികൾ അറിഞ്ഞതിനെ തുടൎന്നു ചെറിയതോതിൽ ഒരസ്വാസ്ഥത പ്രകടമായി. കറുത്ത കൊടി പിടിച്ചു് ഏതാനുംപേർ സാഹിബിന്റെ കാറിനു ചുററും വലയം സൃഷ്ടിച്ചു പ്രതിഷേധപ്രകടനങ്ങൾ നടത്തി. അങ്ങിനെ ചില്ലറ കരിങ്കൊടി ശല്യങ്ങൾ.

കോഴിക്കോട്ടെ കരിങ്കൊടിപ്രഹസനം അറിഞ്ഞു് ജോർജ്ജ് ജോസഫും വാമനൻനമ്പൂതിരിയും പൊട്ടിച്ചിരിച്ചു. ഇതൊക്കെ സ്വാഭാവികമാണെന്നു് അദ്ദേഹം വ്യക്തമാക്കി. ആദ്യകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ വാമനൻനമ്പൂതിരി പറഞ്ഞു: "ഇന്നു് മതം, ജാതി, ആചാരം എന്നീ ത്രിദോഷങ്ങൾ ബാധിച്ചിട്ടുള്ളവരുടെ തലയിൽ കുറേശ്ശെ മിന്നാമിനുങ്ങുകൾ കടന്നുചെന്നിട്ടുണ്ടു്. പ്രതിഷേധം, കരിങ്കൊടി പ്രകടനമായി കുറഞ്ഞു വന്നിരിക്കയാണു്. പണ്ടു് ഇതല്ല. കല്ലേറും കയ്യേററ

ങ്ങളും, കൊലകളും, കരിങ്കൊടിപ്രകടനങ്ങളും കൂട്ടായിട്ടാണ് പ്രത്യക്ഷപ്പെടാററ പതിവ്.''

ആലോചനകളും ചർച്ചകളും അന്നു നടന്നു. ആ രാത്രി ഹോട്ടലിൽതന്നെ എല്ലാവരും കഴിച്ചുകൂട്ടി.

നേരം പുലർന്നു. ഹോട്ടലും പരിസരങ്ങളും സജീവമായി. പുലച്ചയ്ക്കു മുമ്പെ കൊച്ചി തുറമുഖത്തു് എത്തിച്ചേർന്ന യാത്രക്കപ്പലുകളിൽനിന്നു് വിദേശികളായ പലരും കരയ്ക്കിറങ്ങി ഹോട്ടലിലേക്കു നീങ്ങുകയാണു്. ജർമ്മൻകാരും, റഷ്യക്കാരും, അമേരിക്കക്കാരും, ഇംഗ്ലണ്ടുകാരും, ഈജിപ്തുകാരും അങ്ങിനെ വിവിധ രാഷ്ട്രങ്ങളുടെ സന്തതികൾ ഹോട്ടൽമുറികളിൽ സ്ഥലം പിടിച്ചു; വിവിധ സംസ്കാരങ്ങൾ, ഭക്ഷണക്രമങ്ങൾ, വസ്ത്രധാരണരീതികൾ.

ആഴ്ചകളും മാസങ്ങളും കടൽയാത്ര ചെയ്തു മടുത്ത ആ വിദേശസുഹൃത്തുക്കളുടെ കരപററിയ ആഹ്ലാദപ്രകടനങ്ങൾ പരിസരങ്ങൾക്കു പുതുമ നൽകി. തിക്കും തിരക്കും തിരതല്ലി. ചിലർ നീന്തൽ കുളങ്ങളിലേക്ക് എടുത്തു ചാടുകയാണു്. ആണും പെണ്ണും പ്രശ്നമല്ലെന്ന മട്ടിൽ ഇടകലർന്നു നീന്തി കളിക്കുന്ന രംഗം. ഫലിതം നിറഞ്ഞ ഭാഷയിൽ, ശ്രീ. മൌലവി ഹോട്ടലിൽ നടക്കുന്ന രംഗവിശേഷത്തെപ്പററി പലതും പറഞ്ഞുതുടങ്ങി. മുഷിവുതട്ടാതെ കേട്ടിരിക്കുവാൻ രസംതോന്നി.

മണിക്കൂറുകൾ ചിലതു കടന്നുപോയതറിഞ്ഞില്ല. പുറത്തേക്കു പോയിരുന്ന വാമനൻനമ്പൂതിരി തിരിച്ചെത്തി. പുതിയതായി രണ്ടുപേർ വിശേഷാൽ വന്നിട്ടുണ്ടു്. വിഷ്ണുനമ്പൂതിരിപ്പാടും, ഋഷികേശൻനമ്പൂതിരിയുമാണു് പുതിയ അതിഥികൾ. അവരെ പരിചയപ്പെടുത്തിയതു് വാമനൻനമ്പൂതിരിതന്നെയാണു്. ഹോട്ടലും

പരിസരരീതികളും ആ ആഢ്യന്മാക്ക് പന്തിയായി തോന്നിയില്ല. സംഭാഷണം ആരംഭിച്ചതു് ജോർജ്ജ് ജോസഫാണു്. രണ്ടാമത്തെ വിശദീകരണം സിക്കന്തർ സാഹിബിൻേറതായിരുന്നു. ഹാസ്യം നിറഞ്ഞ ശ്രീ. മൌലവിയുടെ സംഭാഷണം തിരുമേനിമാക്കു നന്നെ ഇഷ്ടമായി. കരളിൽ ആഞ്ഞുകയറുന്നതും എന്നാൽ കുളിരേകുന്നതുമായ ഒരു പ്രത്യേക സംഭാഷണചാതുര്യം.

തലയ്ക്കുള്ളിൽ വെളിച്ചം കയറുവാൻ താമസം കണ്ടു. മരിച്ചതായി സങ്കല്പിച്ചു, ക്രിയകഠം നടത്തിക്കഴിഞ്ഞ സ്ഥിതിക്കു് തങ്ങളുടെ മക്കളെ വീണ്ടെടുക്കുവാൻ മാഗ്ഗം കാണുന്നില്ലെന്നു് വിഷ്ണുനമ്പൂതിരിപ്പാടും ഋഷികേശൻനമ്പൂതിരിയും ആണയിട്ടു് ആവത്തിച്ചു. വേദനിയമങ്ങഠംക്കു് എതിരായി പ്രവത്തിക്കുവാൻ തങ്ങഠം ശക്തരല്ലെന്നുവരെ അവർ തറപ്പിച്ചു പറഞ്ഞു. കുലമര്യാദകഠം വിററു തിന്നുവാൻ തയ്യാറല്ലെന്നു് ഈണം കൂടിയ മട്ടിൽ പ്രഖ്യാപിച്ചതു് വിഷ്ണുനമ്പൂതിരിപ്പാടാണു്.

വാമനൻനമ്പൂതിരി മദ്ധ്യസ്ഥനായി നിലകൊണ്ടു. വേദങ്ങളും അവയുടേതായ വചനങ്ങളും ഉദ്ധരിച്ചുകൊണ്ടാണു് മദ്ധ്യസ്ഥൻെറ പുറപ്പാടു്. അതിൻെറ പൊള്ളത്തരങ്ങഠം നൂറു നൂറു് ഉദാഹരണങ്ങഠം ഉദ്ധരിച്ചു വെളിപ്പെടുത്തുന്നതിൽ വാമനൻനമ്പൂതിരി കണക്കിലേറെ മിടുക്കു കാട്ടി. അദ്ദേഹം അല്പം ഉറച്ച സ്വരത്തിൽ ഉപസംഹരിച്ചു. "നാമെല്ലാം ഒന്നാണു്. ഉറക്കെ ചിന്തിക്കുമ്പോഠം ആ സത്യം കണ്ടെത്തുവാൻ കഴിയും. മനുഷ്യരെല്ലാം ഒന്നാണു്. പരിശോധിക്കുവാൻ വിരോധമില്ല. ഉയന്നവരെന്നു വേദം ശാസിക്കുന്ന ബ്രാഹ്മണകുലത്തിലെ ഒരു സ്ത്രീയിൽ, വിലക്കപ്പെട്ടവനും ചണ്ഡാളനുമായ ഒരുവൻ സമ്പക്കം പുലത്തിയാൽ ബ്രാഹ്മണ

സ്ത്രീ ഗർഭവതിയാകുന്നില്ലേ? അപ്പോൾ വേദശാസന കളിലാണ് തെററു പററിയിട്ടുള്ളതു്. മനുഷ്യരെല്ലാം ഒന്നാണ്. ഞാനും നിങ്ങളും ഭൂമിയിലുള്ള മനുഷ്യരെല്ലാവരും ഒന്നാണ്………''

എതൃപക്ഷത്തിൻെറ നിലപാടിൽ നേരിയ അയവു കണ്ടുതുടങ്ങി. അയവു വരുവാനാണ് വിഷമം. അവിടം കഴിഞ്ഞു കിട്ടിയാൽ വിഷ്ണുനമ്പൂതിരിയോളം കാര്യഗ്രാഹ്യം മററുള്ളവക്ക് ഇല്ലതന്നെ. ഒടുവിൽ മനസ്സില്ലാ മനസ്സോടെ വിലക്കപ്പെട്ട കുട്ടികളെ സ്വീകരിച്ചുകൊള്ളാമെന്ന് അവർ സമ്മതിച്ചു. രംഗം ശാന്തമായി.

ദിവസങ്ങൾക്കു ശേഷം മൂന്നു നാലു കാറുകൾ കോട്ടയ്ക്കകത്തു മനയുടെ മുമ്പിലെത്തി. നിരോധിക്കപ്പെട്ട എല്ലാവരും അതിലുണ്ട്. പുളകം ചാർത്തുന്ന നിമിഷങ്ങൾ, മാനസി അന്തർജ്ജനം സുശീലയേയും സാവിത്രിയേയും ഇടവും വലവും നിറുത്തി മനയിലേക്കു നടന്നു. പുറകെ, രവീന്ദ്രനും സുലുവും സോമനും ചെറിയാനും.

രംഗം വീക്ഷിച്ചു നിന്നിരുന്ന ഋഷികേശൻനമ്പൂതിരി നിർന്നിമേഷനായി സ്വന്തം മകനേയും മരുമകളേയും നോക്കി. ആ പിതൃനയനങ്ങളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. അദ്ദേഹം ഇത്രമാത്രം പറഞ്ഞു. ''രവീന്ദ്രാ! ഞാനുമുണ്ട്. നമുക്ക് ഇല്ലത്തേയ്ക്കു പോകാം, ഇല്ലത്തേയ്ക്കു്.''

സ്വന്തം വീട്ടിലേക്ക് ഓടിയടുക്കുന്ന കാറിലിരുന്നു രവീന്ദ്രൻ പതുക്കെ മന്ത്രിച്ചു. ''പ്രിയപ്പെട്ട സുലു! നമ്പൂതിരി ഇല്ലങ്ങളിൽ കടന്നുകൂടിയാൽ പ്രത്യേക സിദ്ധികളൊന്നും നമുക്കു ലഭ്യമാകുവാൻ പോകുന്നില്ല. നമ്മുടെ ലക്ഷ്യവും പ്രശ്നവും അതല്ലല്ലൊ. മതത്തിൻേറയും ജാതി

യുടേയും പേരിൽ മനുഷ്യസ്വാതന്ത്ര്യത്തെ തടയുകധി ക്കാരമാണു്. ആ ധിക്കാരത്തെ മറികടന്നു് നാം അതി ജീവിച്ചു.........''

വർഷങ്ങൾ നീങ്ങിമറഞ്ഞു.

ഇന്നു് ചെറിയാനും മററും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി അവരുടെ ഔദ്യോഗിക ജീവിതം നയി ക്കുകയാണു്. നാലക്കത്തിലുള്ള ശമ്പളക്കാരാണവർ. ജാതിയും മതവും ഇല്ലാത്ത രണ്ടും മൂന്നും കുഞ്ഞുങ്ങളുടെ മാതാപിതാക്കളാണു് ആ ഭാഗ്യരേഖകൾ. വല്ലപ്പോഴും അവർ നാട്ടിൽ വന്നുപോകാറുണ്ടെന്നേയുള്ളു.

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

*Cl. No.* C.F *Acc.No.* 5232

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 MAY 1988 | | |
| 7 DEC 1989 | | |
| 25 MAY 1990 | | |
| 3 JUN 1991 | | |

CF 5232

ത്തൊട്ടി

കൾ

CF

മാററത്തൊട്ടി. കെ. ഞ്ഞ

ഭാഗ്യരേഖകൾ

5232